26
2021
ഓഗസ്റ്റ്
വ്യാഴം
1197
ചിങ്ങം 10

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 142 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-142 പേജ് 4. വില 2.00 രൂപ




02 മഴമിഴി മെഗാ സ്ട്രീമിങ്ങിന്റെ സിഗ്നേച്ചർ ഫിലിം പ്രകാശനം ചെയ്തു
03 കരുവന്നൂർ ബാങ്ക്: ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്താൻ മൂന്നംഗ സമിതി
04 സുഹൃത്തിനെ അടിച്ച് വീഴ്ത്തി വിദ്യാർഥിനിയെ കൂട്ടബലാത്സംഗത്തിനിരയാക്കി

# ആശങ്കയായി കേരളത്തിൽ കോവിഡ് കുതിക്കുന്നു

## ● ബുധനാഴ്ച 31,445 പേർക്ക് കോവിഡ്

കേരളത്തിൽ ബുധനാഴ്ച 31,445 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 4048, തൃശൂർ 3865, കോഴിക്കോട് 3680, മലപ്പുറം 3502, പാലക്കാട് 2562, കൊല്ലം 2479, കോട്ടയം 2050, കണ്ണൂർ 1930, ആലപ്പുഴ 1874, തിരുവനന്തപുരം 1700, ഇടുക്കി 1166, പത്തനംതിട്ട 1008, വയനാട് 962, കാസർഗോഡ് 619 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 1,65,273 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 19.03 ആണ്. റുട്ടീൻ സാമ്പിൾ, സെന്റിനൽ സാമ്പിൾ, സിബി നാറ്റ്, ട്രൂനാറ്റ്, പി.ഒ.സി.ടി. പി.സി.ആർ., ആർ.ടി. എൽ.എ.എം.പി., ആന്റിജൻ പരിശോധന എന്നിവ ഉൾപ്പെടെ ഇതുവരെ 3,06,19,046 ആകെ സാമ്പിളുകളാണ് പരിശോധിച്ചത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 215 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 19,972 ആയി.



രോഗം സ്ഥിരീകരിച്ചവരിൽ 138 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 29,608 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 1576 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. എറണാകുളം 3987, തൃശൂർ 3846, കോഴിക്കോട് 3615, മലപ്പുറം 3401, പാലക്കാട് 1396, കൊല്ലം 2469, കോട്ടയം 1951, കണ്ണൂർ 1825, ആലപ്പുഴ 1847, തിരുവനന്തപുരം 1591, ഇടുക്കി 1155, പത്തനംതിട്ട 987, വയനാട് 940, കാസർഗോഡ് 598 എന്നിങ്ങനെയാണ് സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

123 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. കണ്ണൂർ 33, വയനാട് 15, തൃശൂർ 13, കാസർഗോഡ് 11, പത്തനംതിട്ട, പാലക്കാട് 10 വീതം, കൊല്ലം 8, ആലപ്പുഴ 7, കോഴിക്കോട് 6, എറണാകുളം 4, കോട്ടയം, ഇടുക്കി 2 വീതം, തിരുവനന്തപുരം, മലപ്പുറം 1 വീതം ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 20,271 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1272, കൊല്ലം 2582, പത്തനംതിട്ട 258, ആലപ്പുഴ 1094, കോട്ടയം 850, ഇടുക്കി 492, എറണാകുളം 1872, തൃശൂർ 2517, പാലക്കാട് 1881, മലപ്പുറം 2929, കോഴിക്കോട് 2426, വയനാട് 647, കണ്ണൂർ 1032, കാസർഗോഡ് 419 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 1,70,292 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 36,92,628 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,70,860 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,44,278 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റീനിലും 26,582 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 2439 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ പ്രദേശങ്ങളെ തരംതിരിച്ചിട്ടുണ്ട്. 74 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലായി 414 വാർഡുകളാണ് ഡബ്ല്യു.ഐ.പി.ആർ. എട്ടിന് മുകളിലുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.



## വഴിയോരക്കച്ചവടക്കാരിയുടെ മീൻ തട്ടിത്തെറിപ്പിച്ചു

തിരുവനന്തപുരം: കരമനയിൽ വഴിയോരക്കച്ചവടക്കാരിയുടെ മീൻ പോലീസ് തട്ടിത്തെറിപ്പിച്ചതായി പരാതി. വലിയതുറ സ്വദേശി മരിയ പുഷ്പത്തിൻറെ മീനാണ് കരമന പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർ തട്ടിത്തെറിപ്പിച്ചത്.

ജീവിക്കാൻ വേറെ മാർഗമില്ലെന്നും അസുഖബാധിതയാണെന്നും കരഞ്ഞു പറഞ്ഞിട്ടും സ്ഥലത്തെത്തിയ പോലീസുകാർ മീൻ തട്ടിയെറിഞ്ഞെന്ന് പരാതിക്കാരി ആരോപിച്ചു.

സംഭവത്തിൽ മന്ത്രി ആൻറണി രാജുവിന് പരാതി നൽകിയതായി മരിയ പുഷ്പം പറഞ്ഞു. സംഭവ സ്ഥലത്ത് തടിച്ചുകൂടിയ നാട്ടുകാർ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരേ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിഷേധിച്ചു. ഇത് ഗതാഗതതടസത്തിനും വഴിവെച്ചു. ഇതോടെ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പോലീസെത്തി നാട്ടുകാരുമായി ചർച്ച നടത്തി. ഉത്തരവാദികൾക്കെതിരേ നടപടിയുണ്ടാകുമെന്ന് പോലീസ് ഉറപ്പുനൽകിയതിന്റെ അടിസ്ഥാനത്തിലാണ് നാട്ടുകാർ പ്രതിഷേധം അവസാനിപ്പിച്ചത്.

സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച ശേഷം നടപടിയെടുക്കുമെന്ന് ഉന്നത പോലീസ് വൃത്തങ്ങൾ അറിയിച്ചു.

## വാഹനമോഷ്ടാവ് അറസ്റ്റിൽ

തിരുവനന്തപുരം: കോവളം ലൈറ്റ് ഹൗസിന് സമീപത്ത് നിന്നും സ്ക്കൂട്ടർ മോഷ്ടിച്ചെടുത്ത പ്രതിയെ പോലീസ് പിടികൂടി. മുല്ലൂർ വശ്ശക്കരികത്ത് പുത്തൻ വീട്ടിൽ ഉണ്ണി എന്ന് വിളിക്കുന്ന വേണു (46) നെയാണ് കോവളം പൊലീസ് അറസ്റ്റ് ചെയ്തത്.

ആഗസ്റ്റ് 10നാണ് മോഷണം നടന്നത്. കോവളം ലൈറ്റ് ഹൗസ്സിന് സമീപത്ത് പാർക്ക് ചെയ്തിരുന്ന വെങ്ങാനൂർ സ്വദേശി ഷിബുവിന്റെ ആക്ടിവ സ്ക്കൂട്ടറാണ് പ്രതി പൂട്ട് പൊളിച്ച് മോഷ്ടിച്ചെടുത്തത്. സമീപത്തെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച് കോവളം എസ്എച്ച്ഒ പ്രൈജുവിന്റെ നേതൃത്വത്തിൽ എസ്ഐമാരായ അനീഷ് കുമാർ, ഷാജി, വിനോദ്, സിപിഒമാരായ ഷൈജു, ഷിജു എന്നിവരടങ്ങിയ പൊലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതിയെ അറസ്റ്റ് ചെയ്തത്. ഇയാളിൽ നിന്നും മോഷണവാഹനവും പൊലീസ് കണ്ടെടുത്തിട്ടുണ്ട്. ഇയാൾക്കെതിരെ നിരവധി മോഷണക്കേസ്സുകളും കഞ്ചാവ് കേസ്സുകളും നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## പെഗാസസ്: അന്വേഷണം തുടങ്ങരുതെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: പെഗാസസിൽ പശ്ചിമ ബംഗാൾ സർക്കാർ രൂപീകരിച്ച ജുഡീഷൽ സമിതിയുടെ അന്വേഷണം ഇപ്പോൾ തുടങ്ങരുതെന്ന് സുപ്രീംകോടതി.

പെഗാസസ് ഫോൺ ചോർത്തലിൽ അന്വേഷണം ആവശ്യപ്പെട്ടുള്ള മറ്റ് ഹർജികൾക്കൊപ്പം ബംഗാൾ കേസും പരിഗണിക്കാൻ സുപ്രീംകോടതി തീരുമാനിച്ചു.

തൃണമൂൽ നേതാവും മമത ബാനർജിയുടെ മരുമകനുമായ അഭിഷേക് ബാനർജിയുടെ ഫോൺ പെഗാസസ് നിരീക്ഷിച്ചുവെന്ന വെളിപ്പെടുത്തൽ അന്വേഷിക്കാനാണ് പശ്ചിമ ബംഗാൾ സർക്കാർ ജുഡീഷ്യൽ സമിതി രൂപീകരിച്ചത്. റിട്ട. ജസ്റ്റീസ് മദൻ ബി. ലോക്കൂറിൻറെ നേതൃത്വത്തിലുള്ള ഈ സമിതിയുടെ അന്വേഷണം തുടങ്ങരുതെന്നാണ് ബംഗാൾ സർക്കാരിനോട് സുപ്രീംകോടതിയുടെ വാക്കാൽ നിർദ്ദേശം.

പെഗാസസുമായി ബന്ധപ്പെട്ട് അടുത്ത ആഴ്ച സമഗ്ര ഉത്തരവ് ഉണ്ടാകുമെന്നും ചീഫ് ജസ്റ്റീസ് എൻ.വി. രമണ സൂചന നൽകി.

## കാലാവസ്ഥാ വ്യതിയാനം: കൊച്ചിയടക്കമുള്ള നഗരങ്ങൾ കടലെടുക്കുമെന്ന് നാസ

വാഷിങ്ടൺ: നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളെയും ചെറുപട്ടണങ്ങളെയും കടലെടുക്കുമെന്ന് നാസയുടെ പ്രവചനം. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ഐക്യരാഷ്ട്ര സഭയുടെ അന്തർ സർക്കാർ സമിതിയുടെ റിപ്പോർട്ട് വിലയിരുത്തിയാണ് നാഷണൽ എയ്റോനോട്ടിക്സ് ആന്റ് സ്പെയ്സ് അഡ്മിനിസ്ട്രേഷന്റെ ഈ പ്രവചനം. നിരവധി ഇന്ത്യൻ തീരദേശ നഗരങ്ങൾ 2.7 അടി വരെ വെള്ളത്തിനടിയിലാകുമെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. മുംബൈ, ഗോവ, കൊൽക്കത്ത, ചെന്നൈ, കൊച്ചി, വിശാഖപട്ടണം, കണ്ഡ്ല, ഒഖ, ഭാവ്നഗർ, മൊർമുഗാവ്, മംഗളൂരു, പാരാദീപ്, ഖിദിർപുർ, തൂത്തുക്കുടി എന്നീ നഗരങ്ങളാണ് പട്ടികയിലുള്ളത്. സമുദ്രനിരപ്പ് ഉയരുന്നത് ആശങ്കാ ജനകമാണെന്ന് കഴിഞ്ഞ ദിവസം യുഎൻ സഭാസമിതി പുറത്തുവിട്ട ആറാം അവലോകന റിപ്പോർട്ടിൽ പറഞ്ഞിരുന്നു. ഇന്ത്യ ഉൾപ്പെടെ 195 അംഗരാഷ്ട്രങ്ങളാണു സമിതിയിലുള്ളത്.

ആയിരക്കണക്കിനു വർഷങ്ങളായി ഉണ്ടാകാതിരുന്ന മാറ്റങ്ങളാണ് കാലാവസ്ഥാവ്യതിയാനം മൂലം ഇപ്പോൾ സമുദ്രനിരപ്പിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്നതാണ് റിപ്പോർട്ടിലെ ഏറ്റവും ഭീതിജനകമായ മുന്നറിയിപ്പ്.



### കൊച്ചി മയക്കുമരുന്ന് കേസ്

## പ്രതികളിൽ നിന്ന് പിടികൂടിയ മാൻ കൊമ്പ് വനം വകുപ്പ് കസ്റ്റഡിയിൽ

കൊച്ചി: കാക്കനാട്ടെ ലഹരിമരുന്ന് പ്രതികളിൽ നിന്ന് പിടികൂടിയ മാൻ കൊമ്പ് വനംവകുപ്പ് കസ്റ്റഡിയിൽ. കൊച്ചിയിലെ എക്സൈസ് ഓഫീസിൽ നിന്നാണ് വനംവകുപ്പ് ഉദ്യോഗസ്ഥർ മാൻ കൊമ്പ് കസ്റ്റഡിയിലെടുത്തത്. നേരത്തേ, 39 സെ.മി നീളമുള്ള മാൻ കൊമ്പിൻറെ വിവരം മഹസറിൽ രേഖപ്പെടുത്തിയിരുന്നില്ല.

അതേസമയം, ലഹരിമരുന്ന് കേസ് അട്ടിമറിക്കാൻ ശ്രമമുണ്ടായെന്നും ആരോപണമുണ്ട്. ഒരു കിലോയിലേറെ എംഡിഎംഎ പിടികൂടിയിട്ടും പ്രതികൾക്കെതിരെ എക്സൈസ് എടുത്തത് 84 ഗ്രാം മയക്കുമരുന്ന് കൈവശം വച്ച കേസ് മാത്രമാണ്. ഉടമസ്ഥനില്ലാത്ത ബാഗിൽ നിന്നാണ് ഒരു കിലോ എംഡിഎംഎ കണ്ടെത്തിയതെന്നും പ്രതികളെ കണ്ടെത്താനായിട്ടില്ലെന്നുമാണ് എക്സൈസിൻറെ രണ്ടാം എഫ്ഐആർ.

ആദ്യ എഫ്ഐആർ യുവതി അടക്കം അഞ്ച് പ്രതികളെ 84 ഗ്രാം എംഡിഎംഎ കൈവശം വച്ചതിനാണ് അറസ്റ്റ് എന്ന് കാണിച്ചിട്ടുണ്ട്. മഹസറിലും കാര്യങ്ങൾ വിശദീകരിച്ചു. ഇതേ കേസിലെ രണ്ടാം എഫ്ഐആറിൽ പ്രതികളില്ല.

എക്സൈസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ കർശന നടപടിയെടുക്കുമെന്ന് എക്സൈസ് മന്ത്രി എം.വി. ഗോവിന്ദൻ അറിയിച്ചിരുന്നു. പ്രതികളെ സംരക്ഷിക്കില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

## ചിന്നക്കനാൽ ബാങ്ക് തട്ടിപ്പ്; സെക്രട്ടറിക്ക് സസ്പെൻഷൻ

ഇടുക്കി: ചിന്നക്കനാൽ സർവീസ് സഹകരണ ബാങ്ക് തട്ടിപ്പിൽ സെക്രട്ടറി എം.എസ്. ബാബുവിന് സസ്പെൻഷൻ. രേഖകൾ ഇല്ലാതെ വായ്പ നൽകിയെന്ന് ഓഡിറ്റിൽ കണ്ടെത്തിയിരുന്നു. ഇതിൻറെ അടിസ്ഥാനത്തിലാണ് നടപടി.

ഭൂപ്രശ്നങ്ങൾ രൂക്ഷമായ ചിന്നക്കനാൽ പഞ്ചായത്തിൽ എല്ലാ രേഖകളും വാങ്ങിയ ശേഷം വായ്പ അനുവദിക്കുന്നതിനു പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും അതുകൊണ്ട് നേരിട്ടു പരിശോധിച്ച ശേഷം വായ്പ അനുവദിക്കാറുണ്ടെന്നുമായിരുന്നു എം.എസ്.സാബുവിൻറെ വിശദീകരണം.

ചിന്നക്കനാൽ ബാങ്ക് ഭരണത്തിൽ വ്യക്തത തേടി സിപിഐ നേരത്തെ രംഗത്തെത്തിയിരുന്നു. വ്യാജരേഖകളുടെ പിൻബലത്തിൽ എത്രപേർക്ക് കാർഷിക വായ്!പ അനുവദിച്ചിട്ടുണ്ട് എന്നായിരുന്നു സിപിഐയുടെ പ്രധാന ചോദ്യം.

## ജനപ്രതിനിധികൾക്കെതിരായ കേസുകൾ വേഗത്തിൽ തീർപ്പാക്കണമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ജനപ്രതിനിധികൾക്കെതിരായ ക്രിമിനൽ കേസുകൾ വേഗത്തിൽ തീർപ്പാക്കണമെന്ന് സുപ്രീംകോടതി. എംപിമാർക്കും എംഎൽഎമാർക്കുമെതിരെയുള്ള കേസുകൾ എന്തിനാണ് നീട്ടിക്കൊണ്ടു പോകുന്നത്. ഈ നടപടികൾ അംഗീകരിക്കില്ലെന്നും കോടതി വ്യക്തമാക്കി.

കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ വേഗത്തിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കണമെന്നും കോടതി നിർദ്ദേശിച്ചു. ഇഡി, സിബിഐ കേസുകൾ വൈകുന്നത് എന്തുകൊണ്ടെന്ന് വിശദീകരിക്കണമെന്നും കോടതി ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ കേന്ദ്രം വിശദാംശങ്ങൾ നൽകണമെന്നും കോടതി നിർദ്ദേശിച്ചു. 2030 വർഷമായിട്ടും കുറ്റപത്രം നൽകാത്ത കേസുകളുണ്ടെന്നും കോടതി നിരീക്ഷിച്ചു.

## നാടാർ സംവരണം; സർക്കാർ അപ്പീൽ ഹൈക്കോടതി തിരിച്ചയച്ചു

കൊച്ചി: ക്രിസ്ത്യൻ നാടാർ സംവരണവുമായി ബന്ധപ്പെട്ട് സർക്കാർ സർപ്പിച്ച അപ്പീൽ ഹൈക്കോടതി തിരിച്ചയച്ചു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചാണ് അപ്പീൽ തിരിച്ചയച്ചത്. സംവരണം സ്റ്റേ ചെയ്തതിനെതിരെ ആയിരുന്നു സർക്കാരിൻറെ അപ്പീൽ.

സിംഗിൾ ബെഞ്ച് ഉത്തരവിൽ ഇടപെടുന്നില്ലെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. ക്രിസ്ത്യൻ നാടാർവിഭാഗത്തെ സംവരണവിഭാഗത്തിൽ ഉൾപ്പെടുത്തിയ തീരുമാനം സ്റ്റേ ചെയ്യാനുള്ള ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെയാണ് സർക്കാർ അപ്പീൽ നൽകിയത്



കുടുംബശ്രീ സംഘടിപ്പിക്കുന്ന 'ഓണം ഉത്സവ്' ഓൺലൈൻ ഷോപ്പിങ്ങ് ഫെസ്റ്റിവലിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ നിർവഹിക്കുന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഐ ശ്രീവിദ്യ സമീപ

# ക്ഷേമനിധി ബോർഡുകളുടെ ബജറ്റിൽ അംഗങ്ങളുടെ ആശ്രിതർക്ക് പഠനത്തിന് തുക വകയിരുത്തും: മന്ത്രി വി. ശിവൻകുട്ടി

ക്ഷേമനിധി ബോർഡുകളുടെ ബജറ്റിൽ അംഗങ്ങളുടെ മക്കൾക്കും ആശ്രിതർക്കും പഠനത്തിനായി തുക വകയിരുത്താൻ നടപടി സ്വീകരിക്കുമെന്ന് തൊഴിൽ മന്ത്രി വി.ശിവൻകുട്ടി. 201920 അധ്യയന വർഷം ഉന്നതവിജയം കരസ്ഥമാക്കിയ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്കായുള്ള സംസ്ഥാനതല സ്കോളർഷിപ്പും സ്വർണനാണയ വിതരണവും തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് 16 ക്ഷേമനിധി ബോർഡുകൾ തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. സാമ്പത്തിക ശേഷി കൂടുതലുള്ളതും സാമ്പത്തികശേഷി കുറഞ്ഞതും എന്ന വിധത്തിൽ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തന രീതിയും വ്യത്യസ്തമാണ്. പരമ്പരാഗത രീതികളിൽ നിന്നും വ്യത്യസ്തമായി വർത്തമാനകാല സാഹചര്യമനുസരിച്ച് ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളിലും ആനുകൂല്യങ്ങളിലും മാറ്റങ്ങൾ വരുത്തണം.

ബോർഡുകളുടെ ഫണ്ട് ഉപയോഗം തൊഴിലാളികളുടെ ക്ഷേമത്തിനൊപ്പം അവരുടെ ആശ്രിതരായ വിദ്യാർഥികളുടെ പഠനത്തിനും സഹായകമാകുന്ന വിധത്തിലുള്ളതാക്കി മാറ്റണം. തൊഴിലാളിപക്ഷ സമീപനമുള്ള കൂടുതൽ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരേയും ഭരണകർത്താക്കളേയും വാർത്തെടുക്കുന്നതിന് ഇതു സഹായകമാകുമെന്നും മന്ത്രി പറഞ്ഞു.

അർഹരായവർക്ക് ക്ഷേമം എത്തിക്കുകയെന്ന സർക്കാർ നയം ബോർഡുകൾ കൃത്യമായി പാലിക്കണം. അബ്ക്കാരി, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡുകൾ പോലെയുള്ളവയിൽ നിന്നും വ്യത്യസ്തമായി മറ്റു പല ക്ഷേമനിധി ബോർഡുകളിലും ആയിരക്കണക്കിന് അനർഹർ വ്യാജ സർട്ടിഫിക്കറ്റുകൾ വഴി കടന്നുകൂടിയിട്ടുണ്ട്. ബോർഡുകൾക്ക് സാമ്പത്തിക പ്രതിസന്ധിക്ക് പോലും കാരണമായിട്ടുള്ള ഇത്തരക്കാരെ കണ്ടെത്തുന്നതിന് ശക്തമായ സൂക്ഷ്മപരിശോധന നടത്താൻ സർക്കാർ നടപടി സ്വീകരിക്കും. അർഹരായവരെ കണ്ടെത്തി ക്ഷേമമുറപ്പാക്കാൻ ശക്തമായ സംവിധാനം കൊണ്ടുവരുമെന്നും മന്ത്രി പറഞ്ഞു.

അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് തയാറാക്കിയ മാതൃകയിൽ എല്ലാ ക്ഷേമനിധി ബോർഡുകൾക്കും അവർക്ക് അനുയോജ്യമായ നിയമങ്ങൾ ഉണ്ടാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഇത് അതത് ബോർഡുകളിൽ പിഎസ്.സി വഴി നിയമനം നടത്തുന്നത് സുഗമമാക്കും.

ഓണക്കാലത്ത് ക്ഷേമനിധി ബോർഡുകളും ലേബർ കമ്മീഷണറേറ്റും വഴി 72 കോടി രൂപയാണ് തൊഴിൽ വകുപ്പ് നൽകിയത്. ഇക്കുറി ഓണത്തിന് ഒരു തൊഴിലാളിപോലും സമരം നടത്തിയില്ലെന്ന് തൊഴിലാളി ക്ഷേമമുറപ്പാക്കുന്ന സംസ്ഥാന സർക്കാരുള്ള കേരളമായതിനാലാണ്. ഏതു വ്യവസായം നടത്തുന്നതിനും കേരളത്തിൽ അനുകൂല സാഹചര്യമാണുള്ളത്. സർക്കാർ ഇതിന് പൂർണ്ണ പിന്തുണയും നൽകും. തൊഴിൽ നിയമങ്ങളും തൊഴിലവകാശങ്ങളും കൃത്യമായി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളമെന്നും മന്ത്രി വ്യക്തമാക്കി.

ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ 201920 അധ്യയന വർഷം ഉന്നത വിജയം കരസ്ഥമാക്കിയവർക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പും സ്വർണനാണയവും മന്ത്രി വിതരണം ചെയ്തു. 107 വിജയികളിൽ കൊവിഡ് പ്രോട്ടോക്കോൾ പാലിച്ച് തിരുവനന്തപുരം ജില്ലയിലെ 10 പേരെ മാത്രമാണ് സംസ്ഥാനതലത്തിൽ ചടങ്ങിൽ പങ്കെടുപ്പിച്ചത്. മറ്റുള്ളവർക്ക് അതതു ക്ഷേമനിധി ബോർഡ് ആസ്ഥാന മേഖലകളിൽ താമസിയാതെ വിദ്യാഭ്യാസ സ്കോളർഷിപ്പും സ്വർണനാണയവും നൽകും.

ചടങ്ങിൽ അബ്ക്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ സി.കെ മണിശങ്കർ അധ്യക്ഷനായിരുന്നു. ഡയറക്ടർ ബോബു ബോർജ്ജ് സ്വാഗതവും ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ബീനാമോൾ വർഗീസ് കൃതജ്ഞതയുമർപ്പിച്ചു.

കരകൗശല വികസന കോർപറേഷൻ മുൻ ചെയർമാൻ സുനിൽകുമാർ, ബോർഡ് ഡയറക്ടർമാരായ ബിനോയ് ജോസഫ്, എം.മെഹബൂബ്, കെ.കെ.രാധാകൃഷ്ണൻ, ഡി.ലാൽ, എസ്.ജയകുമാരൻനായർ, അനിൽകുമാർ, വി.എം.രഹ എന്നിവരും ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

# കാക്കനാട് ലഹരിമരുന്ന് കേസ് ക്രൈംബ്രാഞ്ചിന് കൈമാറും

കൊച്ചി:കാക്കനാട് ലഹരിമരുന്ന് പിടികൂടിയ കേസ് എക്സൈസ് ക്രൈംബ്രാഞ്ചിന് കൈമാറും. ലഹരിമരുന്ന് കേസിൽ അട്ടിമറി നടന്നെന്ന് ആക്ഷേപം ഉയർന്ന സാഹചര്യത്തിലാണ് എക്സൈസ് കേസ് ക്രൈംബ്രാഞ്ചിന് കൈമാറുന്നത്. രണ്ടു യുവതികൾ എംഡിഎംഎ ഒളിപ്പിക്കുന്നത് സിസിടിവി ദൃശ്യങ്ങളിൽ ഉണ്ടായിരുന്നിട്ടും ഇതിലെ ഒരു യുവതിയെ പ്രതിയാക്കാതെ ഒഴിവാക്കിയെന്നാണ് ആരോപണം. പ്രതികളെ പിടിച്ച ഉടൻ കസ്റ്റംസ് എടുത്ത ഫോട്ടോയിൽ ഏഴ് പ്രതികളാണ് ഉള്ളത്. എക്സൈസിന്റെ വാർത്താകുറിപ്പിലും ഏഴ് പ്രതികളാണ് ഉള്ളത്. എന്നാൽ പിന്നീട് കേസിൽ പ്രതികളുടെ എണ്ണം അഞ്ചായി. രണ്ട് പേരെ ഒഴിവാക്കിയിട്ടുണ്ട്. പ്രതികളിൽ നിന്ന് മാൻ കൊമ്പും പിടിച്ചിട്ടുണ്ട്. എന്നാൽ ഇത് മഹസറിൽ രേഖപ്പെടുത്തിയിട്ടില്ല.

കഴിഞ്ഞ 19 ാം തീയതി പുലർച്ചെയാണ് മാരകലഹരിമരുന്നായ എംഡിഎംഎയുമായി യുവതിയടക്കമുള്ള പ്രതികൾ പിടിയിലായത്. ഇവരിൽ നിന്ന് 84 ഗ്രാം എംഡിഎംഎ കണ്ടെടുത്തു. പ്രതികളെ ചോദ്യം ചെയ്തതിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇവർ താമസിച്ചിരുന്ന ഫ്ലാറ്റിൽ അലക്കാനിട്ട തുണികൾക്കിടയിൽ ഒളിപ്പിച്ച ഒരു ബാഗിൽ നിന്ന് ഒരു കിലോയിലധികം രൂപയുടെ എംഡിഎംഎ കൂടി പിടിച്ചു. എന്നാൽ പ്രതികളെ അറസ്റ്റ് ചെയ്ത ജില്ലയിലെ എക്സൈസ് എൻഫോഴ്സ്മെ!ന്റ് ആന്റ് ആന്റി നർക്കോട്ടിക് വിഭാഗം മഹസറിൽ എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്: ഒരു വഴിപോക്കൻ നൽകിയ വിവരമനുസരിച്ചാണ് പ്രതികൾ താമസിച്ചിരുന്ന ഫ്ലാറ്റിൽ നിന്ന് ഒരു കിലോ എം!!ഡിഎംഎ അടങ്ങിയ ബാഗ് കണ്ടെത്തിയത്.

ഉടമസ്ഥനില്ലാത്ത ബാഗാണ് കണ്ടെടുത്തതെന്നും ഇത് പ്രതികളുടേതായിരിക്കാമെന്ന് ഉറപ്പില്ലെന്നാണ് സാക്ഷിമൊഴിയെന്നും മഹസറിൽ രേഖപ്പെടുത്തി. ബാഗ് കണ്ടെടുത്തതിൽ പ്രതികളില്ലാതെ പ്രത്യേകം കേസെടുത്തു.

പ്രതികൾ കസ്റ്റഡിയിലായിരിക്കെ ഇവരുമായി പോയി ബാഗ് കണ്ടെത്തി അതും കേസിൽ ഉൾപ്പെടുത്തേണ്ടതിന് പകരമാണ് എക്സൈസ് ഇത്തരമൊരു കള്ളക്കളി നടത്തിയത്. 84 ഗ്രാം എംഡിഎംഎ കണ്ടെടുത്തിന് മാത്രമാണ് നിലവിൽ അഞ്ചു പേർക്കെതിരെ കേസ്.

കാക്കനാട് ലഹരി മരുന്ന് വേട്ടയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം നാലിടങ്ങളിൽ എക്സൈസ് റെയ്ഡ് നടത്തിയിരുന്നു. വയനാട്, ഇടുക്കി ജില്ലകളിലുൾപ്പെടെയുള്ള നാല് ഇടങ്ങളിലാണ് റെയ്ഡ് നടന്നത്.

പ്രതികളിൽ നിന്ന് പിടിച്ചെടുത്ത ഡയറിയിൽ പേരുണ്ടായിരുന്ന ആറുപേരുടെ വീടുകളിലാണ് പരിശോധന നടത്തിയത്.

# മഴമിഴി മെഗാ സ്ട്രീമിങ്ങിന്റെ സിഗ്നേച്ചർ ഫിലിം പ്രകാശനം ചെയ്തു

തിരുവനന്തപുരം: സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്ന മഴമിഴി മൾട്ടി മീഡിയ മെഗാ സ്ട്രീമിങ് പദ്ധതിയുടെ സിഗ്നേച്ചർ ഫിലിം പ്രകാശനം ചെയ്തു. സാംസ്കാരിക വകുപ്പു മന്ത്രി സജി ചെറിയാനും നടൻ നെടുമുടിവേണുവും ചേർന്നാണ് പ്രകാശനം നിർവഹിച്ചത്.

കോവിഡ് കാലഘട്ടത്തിൽ പ്രയാസമനുഭവിക്കുന്ന കലാകാരന്മാരെ കണ്ടെത്തി സഹായിക്കുന്ന മഴമിഴി പദ്ധതി തുടരുമെന്നും ഇത്തരത്തിൽ സിനിമാ സാംസ്കാരിക രംഗങ്ങളിലെ മുഴുവൻ പ്രമുഖരേയും സഹകരിപ്പിച്ചുകൊണ്ടുള്ള കൂടുതൽ പദ്ധതികൾക്കു രൂപം നൽകുമെന്നും പ്രകാശനം നിർവഹിച്ചുകൊണ്ട് മന്ത്രി സജി ചെറിയാൻ വ്യക്തമാക്കി.

കാലംകെട്ട കാലത്ത് കലാകാരന്മാർ എങ്ങിനെ ജീവിക്കുന്നു എന്ന കാര്യം ആലോചിക്കാൻ പോലും ഭയമാണ്. ഈ സാഹചര്യത്തിൽ കലാകാരന്മാർക്കു കൊടുക്കുന്ന ചെറിയ സഹായത്തിനു പോലും വലിയ മൂല്യമുണ്ടെന്ന് നെടുമുടി വേണു പറഞ്ഞു.

പാരമ്പര്യ കലാരൂപങ്ങൾ അവയുടെ തനത് രീതിയിലും സാഹചര്യത്തിലും അവതരിപ്പിച്ച് ഷൂട്ട് ചെയ്ത് ആർക്കൈവ് ചെയ്യുക എന്നത് ദീർഘ വീക്ഷണത്തോടെയുള്ള സംരംഭമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സാംസ്കാരിക വകുപ്പ്, ചലച്ചിത്ര അക്കാദമി, ഫോക് ലോർ അക്കാദമി, ലളിതകലാ അക്കാദമി, ഗുരു ഗോപിനാഥ് നടനഗ്രാമം, സംഗീത നാടക അക്കാദമി എന്നീ സ്ഥാപനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ ഭാരത് ഭവൻ ആണ് മഴമിഴി മൾട്ടി മീഡിയ മെഗാ സ്ട്രീമിംഗ് ഒരുക്കുന്നത്.

സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്ജ്, സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി മനു സി പുളിക്കൽ, മഴമിഴി ജനറൽ കൺവീനർ പ്രമോദ് പയ്യന്നൂർ, സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഹമ്മദ് റിയാസ് തുടങ്ങിയവരും പ്രകാശന ചടങ്ങിൽ പങ്കെടുത്തു.

ജീവകാരുണ്യ ദിനമായ ആഗസ്റ്റ് 28 മുതൽ കേരള പിറവി ദിനമായ നവംബർ 1 വരെ 65 ദിവസം നീണ്ട് നിൽക്കുന്ന മെഗാ സ്ട്രീമിങ്ങിലൂടെ 150 ഓളം കലാരൂപങ്ങളിലായി 300 ഓളം കലാ സംഘങ്ങൾക്കാണ് മഴമിഴിയുടെ ആദ്യ ഘട്ടത്തിൽ അവസരം ഒരുക്കുന്നത്.

വിവിധ അക്കാദമികളുടെ മേൽനോട്ടത്തിലുള്ള ജൂറി പാനൽ ആണ് കലാ സംഘങ്ങളെ തിരഞ്ഞെടുത്തത്. മൊസൈമൃശസമാ.ീൃഴ എന്ന വെബ് പേജിലൂടെയും വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെയും ലോകമലയാളി സംഘടനകളുടെ ശ്രദ്ധേയമായ പേജുകളിലൂടെയും രാത്രി ഏഴു മുതൽ ഒമ്പത് വരെയാണ് വെബ്കാസ്റ്റിംഗ് നടക്കുക.

# കോവിഡ് പരിശോധന വർധിപ്പിക്കാൻ ഊർജിത പദ്ധതി

സംസ്ഥാനത്ത് കോവിഡ് കേസുകൾ ഉയർന്നതോടെ പരമാവധി പേരെ പരിശോധിക്കാനായി ആരോഗ്യ വകുപ്പ് ഊർജിത പദ്ധതി ആവിഷ്ക്കരിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. കോവിഡ് പോസിറ്റീവായവരെ എത്രയും വേഗം കണ്ടെത്തി രോഗവ്യാപനം കുറയ്ക്കാനാണ് ഊർജിത പരിശോധന. വാക്സിനേഷൻ കുറഞ്ഞ ജില്ലകളിൽ ടെസ്റ്റിംഗ് കൂടുതൽ വ്യാപകമാക്കും. രോഗവ്യാപനം കണ്ടെത്തുന്ന സ്ഥലങ്ങളും ക്ലസ്റ്ററുകൾ കേന്ദ്രീകരിച്ചും പരമാവധി പേരെ പരിശോധിക്കും. ആരോഗ്യ പ്രവർത്തകർ, കോവിഡ് മുന്നണി പോരാളികൾ, കച്ചവടക്കാർ, വിവിധ ഹോമുകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തും. പരിശോധനയ്ക്കായി അവരവർ തന്നെ മുൻകൈയെടുക്കണം. തുടക്കത്തിലേ രോഗം കണ്ടെത്തിയാൽ തങ്ങളേയും കുടുംബത്തേയും ഒരുപോലെ രക്ഷിക്കാനാകും. എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യ കോവിഡ് പരിശോധന നടത്താനുള്ള സൗകര്യമുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ക്ലസ്റ്റർ മേഖലയിൽ നേരിട്ടെത്തിയും ക്യാമ്പുകൾ മുഖേനയും സാമ്പിൾ കളക്ഷൻ നടത്തും. കാലതാമസമില്ലാതെ പരിശോധനാ ഫലം നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്. പനി, ജലദോഷം, തൊണ്ടവേദന തുടങ്ങിയ രോഗലക്ഷണമുള്ളവരും രോഗ സാധ്യതയുള്ളവരും കോവിഡ് പോസിറ്റീവ് ആയവരുമായി സമ്പർക്കത്തിലുള്ള എല്ലാവരും പരിശോധിക്കണം. ശ്വാസകോശ സംബന്ധമായ ബുദ്ധിമുട്ടുള്ളവരും ഗുരുതര രോഗമുള്ളവരും ചെറിയ ലക്ഷണമുണ്ടെങ്കിൽ പോലും പരിശോധന നടത്തി കോവിഡ് ബാധിച്ചിട്ടില്ലെന്ന് ഉറപ്പാക്കണം. ഇത്തരക്കാർക്ക് കോവിഡ് ബാധിച്ചാൽ പെട്ടെന്ന് ഗുരുതരമാകുന്നതിനാൽ ശ്രദ്ധിക്കണം. വിവാഹം, ശവസംസ്കാരം തുടങ്ങി പൊതു ചടങ്ങുകളിൽ പങ്കെടുത്തവർക്ക് ആർക്കെങ്കിലും കോവിഡ് വന്നാൽ പങ്കെടുത്തവർ എല്ലാവരും പരിശോധന നടത്തണം. ആദ്യമായി കോവിഡ് റിപ്പോർട്ട് ചെയ്ത 2020 ജനുവരി 30ന് ആലപ്പുഴ എൻഐവിയിൽ മാത്രമുണ്ടായിരുന്ന കോവിഡ് പരിശോധനാ സംവിധാനം ഇപ്പോൾ സംസ്ഥാനം മുഴുവൻ ലഭ്യമാണ്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ആന്റിജൻ പരിശോധന നടത്താനാകും. സർക്കാർ, സ്വകാര്യ മേഖലയിലെ 120 ഓളം ലാബുകളിൽ ആർ.ടി.പി.സി.ആർ. പരിശോധന നടത്തുന്നുണ്ട്. 14 മൊബൈൽ ലാബുകൾ മുഖേനയും കോവിഡ് പരിശോധന നടത്തിവരുന്നു.

പരിശോധനയുടെ കാര്യത്തിൽ ടെസ്റ്റ് പെർ മില്യൺ ബൈ കേസ് പെർ മില്യൺ എന്ന ശാസ്ത്രീയ മാർഗമാണ് കേരളം അവലംബിച്ചത്. കേസുകൾ കൂടുന്നതനുസരിച്ച് പരിശോധനകളുടെ എണ്ണവും വർധിപ്പിച്ചു. സംസ്ഥാനത്തെ കോവിഡ് പ്രതിദിന പരിശോധന 1,99,456 വരെ (03.08.2021) വർധിപ്പിച്ചിരുന്നു.

സർക്കാർ ലാബുകളിലേയും സ്വകാര്യ ലാബുകളിലേയും പരിശോധനകൾ ഏകീകൃത ഓൺലൈൻ സംവിധാനമായ ലബോറട്ടറി ഡയഗ്നോസിസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം (എൽ.ഡി.എം.എസ്.) പോർട്ടൽ വഴിയാണ് ഏകോപിപ്പിക്കുന്നത്. ജില്ലാ കോവിഡ് കൺട്രോൾ റൂമും സ്റ്റേറ്റ് കോവിഡ് കൺട്രോൾ റൂമും ഇത് ക്രോഡീകരിക്കുന്നു. മൊബൈലിലൂടെ പരിശോധനാ ഫലം ജനങ്ങൾക്ക് നേരിട്ടറിയാനുള്ള സംവിധാനവും ലഭ്യമാണ്.

# രാകേഷ് അസ്താനയുടെ നിയമനം: രണ്ടാഴ്ചയ്ക്കകം തീരുമാനമെടുക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശം

ന്യൂഡൽഹി: രാകേഷ് അസ്താനയെ ഡൽഹി പൊലീസ് മേധാവിയായി നിയമിച്ചതിനെ ചോദ്യം ചെയ്ത ഹർജിയിൽ രണ്ടാഴ്ചയ്ക്കകം തീരുമാനമെടുക്കണമെന്ന് ഡൽഹി ഹൈക്കോടതിക്ക് സുപ്രീം കോടതിയുടെ നിർദ്ദേശം.

ചീഫ് ജസ്റ്റിസ് എൻ വി രമണ, ജസ്റ്റിസുമാരായ ഡി വൈ ചന്ദ്രചൂഡ്, സൂര്യകാന്ത് എന്നിവരടങ്ങിയ ബെഞ്ചാണ് നിർദ്ദേശം നൽകിയത്. ഹൈക്കോടതി ഉത്തരവിന് ശേഷം സെന്റർ ഫോർ പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ സംഘടന സമർപ്പിച്ച ഹർജി പരിഗണിക്കാമെന്നും കോടതി വ്യക്തമാക്കി. അതേസമയം രാകേഷ് അസ്താനയുടെ നിയമനം റദ്ദാക്കണമെന്നും പുതിയ കമ്മിഷണറെ നിയമിക്കാൻ കേന്ദ്രസർക്കാരിന് നിർദ്ദേശം നൽകണമെന്നുമാണ് ഹർജിയിലെ ആവശ്യം. വിരമിക്കാൻ നാല് ദിവസം മാത്രം ബാക്കിനിൽക്കെ രാകേഷ് അസ്താനയെ ഡൽഹി പൊലീസ് കമ്മിഷണറായി നിയമിച്ചത് സുപ്രീം കോടതി വിധിയുടെയും, സർവീസ് ചട്ടങ്ങളുടെയും ലംഘനമാണെന്നാണ് ഹർജിയിൽ പറഞ്ഞിരിക്കുന്നത്. അസ്താനയുടെ നിയമനത്തിനെതിരായ ഹർജി ഡൽഹി ഹൈക്കോടതിയും പരിഗണിക്കും. ജൂലൈ 31ന് അതിർത്തി സുരക്ഷാ സേനയുടെ ഡയറക്ടർ ജനറലായി വിരമിക്കുന്നതിന് നാല് ദിവസം മുമ്പാണ് അസ്താനയെ ഡൽഹി പൊലീസ് മേധാവിയായി നിയമിച്ചത്.

പൊതുജന താല്പര്യാർത്ഥം അസ്താനയ്ക്ക് ഒരു വർഷത്തെ സേവന കാലാവധി നീട്ടിയതായി ആഭ്യന്തര മന്ത്രാലയം അറിയിച്ചിരുന്നു.

# ഓണക്കാലത്ത് റെക്കോർഡ് നേട്ടത്തിൽ മിൽമ തിരുവനന്തപുരം മേഖല

തിരുവനന്തപുരം: പാൽ, തൈര്, നെയ്യ് തുടങ്ങിയ വിവിധ ഡെയറി ഉല്പന്നങ്ങളുടെ വിൽപ്പനയിൽ മിൽമ തിരുവനന്തപുരം മേഖല യൂണിയന് ഓണക്കാലത്ത് റെക്കോർഡ് നേട്ടം. 32 ലക്ഷം ലിറ്റർ പാലും 2.25 ലക്ഷം കിലോഗ്രാം തൈരും 259 മെട്രിക് ടൺ നെയ്യും മറ്റു മിൽമ ഉത്പന്നങ്ങളുമാണ് ഓണദിവസങ്ങളിൽ വിറ്റത്. ഉത്രാട ദിനത്തിലെ പാൽ വിൽപ്പനയിൽ ജില്ലാ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഡയറിയാണ് കേരളത്തിൽ ഏറ്റവും കൂടുതൽ പാൽ വിപണിയിൽ എത്തിച്ച യൂണിറ്റ്. തിരുവനന്തപുരം ഡയറിയിൽ നിന്നും പുതിയതായി വിപണിയിൽ ഇറക്കിയ 525 എം.എൽ ഹോമോജനൈസ്ഡ് പാലിന് ഉപഭോക്താക്കൾക്കിടയിൽ വൻ സ്വീകാര്യതയാണ്.

ചരിത്രത്തിൽ ആദ്യമായി ഓണക്കാലത്ത് ക്ഷീര കർഷകർക്ക് ഓരോ ലിറ്റർ പാലിനും ഒരു രൂപ അധിക ഇൻസെന്റീവും എല്ലാ ക്ഷീരസംഘം ജീവനക്കാർക്കും 1000 രൂപ വീതം ഓണസമ്മാനവും തിരുവനന്തപുരം മേഖല യൂണിയൻ നൽകി. ഇതിനു പുറമേ പാൽ വിതരണ ഏജൻസികൾക്കുള്ള പ്രോത്സാഹന ഇൻസെന്റീവ് സെപ്റ്റംബറിൽ വിതരണം ചെയ്യും.

കോവിഡ് വ്യാപനം, ലോക്ഡൗൺ പ്രതിസന്ധികളിലും കേരളത്തിലെ ക്ഷീര കർഷകർക്ക് കരുത്തു പകരുന്നതാണ് തിരുവനന്തപുരം മേഖല യൂണിയൻ കൈവരിച്ച നേട്ടങ്ങൾ.

പ്രതിസന്ധി ഘട്ടങ്ങളിലും മിൽമയുടെ നേട്ടത്തിനു വേണ്ടി പ്രവർത്തിച്ച ക്ഷീര കർഷകർക്കും സംഘം, ഡെയറി ജീവനക്കാർക്കും ഡീലർമാർക്കും വിതരണ രംഗത്തുള്ള കോൺട്രാക്ടർമാർക്കും വാഹന ജീവനക്കാർക്കും തിരുവനന്തപുരം മേഖല യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കൺവീനർ എൻ.ഭാസുരാംഗനും മാനേജിംഗ് ഡയറക്ടർ ഡി എസ് കോണ്ടയും നന്ദി അറിയിച്ചു. നിരവധി നൂതനമായ മൂല്യവർധിത ഉത്പന്നങ്ങൾ സമീപ ഭാവിയിൽ വിപണിയിൽ ഇറക്കുന്നതിന് മിൽമ തിരുവനന്തപുരം മേഖല യൂണിയൻ പദ്ധതികൾ തയ്യാറാക്കുന്നതായും ഇവർ കൂട്ടിച്ചേർത്തു.

# കർഷക കടാശ്വാസ കമ്മീഷൻ സിറ്റിംഗുകൾ

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ രണ്ട് ജില്ലകളിൽ സിറ്റിംഗ് നടത്തും. സിറ്റിംഗിൽ ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ.അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും.

എറണാകുളം ജില്ലയിലെ കമ്മീഷന്റെ സിറ്റിംഗ് മൂവാറ്റുപുഴ പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസിൽ ആഗസ്റ്റ് 25 നും ആലുവ സർക്കാർ അതിഥി മന്ദിരത്തിൽ 26 നും നടത്തും. ഇടുക്കി ജില്ലയിലെ സിറ്റിംഗ് തൊടുപുഴ പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസിൽ സെപ്റ്റംബർ ഒന്നിനും കട്ടപ്പന പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസിൽ സെപ്റ്റംബർ രണ്ടിനും മൂന്നാർ സർക്കാർ അതിഥി മന്ദിരത്തിൽ സെപ്റ്റംബർ മൂന്നിനും നടത്തും. രാവിലെ 10 മണി മുതൽ സിറ്റിംഗ് ആരംഭിക്കും. ഈ തീയതികളിൽ ഹാജരാകാൻ അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്. നോട്ടീസ് ലഭിച്ചവർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനവുമായി ബന്ധപ്പെട്ട് ബാങ്ക് നൽകുന്ന വായ്പാ വിവരങ്ങളിൽ എന്തെങ്കിലും തർക്കം ഉണ്ടെങ്കിൽ ആവശ്യപ്പെട്ട രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകണം. ഹാജരാകുന്നവർ കൊവിഡ്19 മാനദണ്ഡങ്ങൾ പാലിക്കണം.

# സോഷ്യൽ ഓഡിറ്റ് ഡയറക്ടർ നിയമനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർക്ക് സോഷ്യൽ ഓഡിറ്റ് മേഖലയിൽ കുറഞ്ഞത് രണ്ട് വർഷത്തെ പ്രവൃത്തി പരിചയം വേണം. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദാനന്തര ബിരുദവും, ഗ്രാമവികസനം/വികേന്ദ്രീകൃതാസൂത്രണം/ഗവൺമെന്റ് ഓഡിറ്റിംഗ് എന്നിവയിൽ കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം. ഉയർന്ന പ്രായപരിധി 62 വയസ്. കൂടുതൽ വിവരങ്ങൾ ωωω.ിൃ ലഴε.സലൃമഹമ.ഴീ.ശി ൽ ലഭ്യമാണ്. അപേക്ഷകൾ മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, സംസ്ഥാന മിഷൻ ഓഫീസ്, അഞ്ചാംനില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ., തിരുവനന്തപുരം695 003 എന്ന വിലാസത്തിൽ 16ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് 04712313385, 04712314385. 30.01.2021, 20.02.2021 തിയതികളിലെ നോട്ടിഫിക്കേഷനുകൾ പ്രകാരം അപേക്ഷിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

# സൈഡ്‌വീൽ സ്കൂട്ടർ: ഇടെൻഡർ നൽകാം

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ ഭിന്നശേഷിക്കാർക്കുള്ള സൈഡ്‌വീൽ സ്കൂട്ടറിനുള്ള ഇടെൻഡർ നൽകാം. കൂടുതൽ വിവരങ്ങൾക്ക്: www.hpw-c.k-er-a-l-a.gov.in.



കോട്ടൂർ എലിഫന്റ് റിഹാബിലിറ്റേഷൻ സെന്ററിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്താനായി വനം വന്യജീവി വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ എത്തിയപ്പോൾ.

# തദ്ദേശ സ്ഥാപന പരിധികളിലെ കോവിഡ് സ്ഥിതിവിവരം

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രതിവാര രോഗബാധ ജനസംഖ്യ അനുപാതപ്രകാരം(ഡബ്ലിയു.ഐ.പി.ആർ)പുതുക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതായി ജില്ലാ കലക്ടർ ബി. അബ്ദുൽ നാസർ അറിയിച്ചു. ഡബ്ലിയു.ഐ.പി.ആർ എട്ടു ശതമാനത്തിന് മുകളിലുള്ള പുനലൂർ മുനിസിപ്പാലിറ്റിയിലെ 1, 2, 31, 23, 33 വാർഡുകളിലും പരവൂർ മുനിസിപ്പാലിറ്റിയിലെ 25, 12, 17, 16 വാർഡുകളിലും കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ 27 ആം വാർഡിലും ഇന്ന് (ഓഗസ്റ്റ് 26) മുതൽ കർശന ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ ആവശ്യ സർവീസുകൾക്ക് ഇളവുകൾ അനുവദിക്കും. കണ്ടയിൻമെന്റ് സോണിൽ ഉൾപ്പെടുന്ന ഓഫീസുകളിൽ എല്ലാ മീറ്റിങ്ങുകളും ഓൺലൈനായി മാത്രം ചേരണം. ആൾക്കൂട്ടം കർശനമായി ഒഴിവാക്കണമെന്നും ജില്ലാ കലക്ടർ അറിയിച്ചു. കോർപറേഷനിലെയും നഗരസഭാ പരിധികളിലെയും(വാർഡ്/ഡിവിഷൻ) ഗ്രാമപഞ്ചായത്തുകളിലെയും പ്രതിവാര രോഗബാധ ജനസംഖ്യാ അനുപാത നിരക്ക് ചുവടെ ചേർത്തിരിക്കുന്നു. കൊല്ലം കോർപറേഷൻവാർഡ് 224.54 ശതമാനം, 283.64, 413.12, 123.04, 193.01, 303, 452.96, 332.84, 312.67, 252.46, 232.44, 512.42, 152.35, 532.28, 92.19, 492.09, 12.04, 391.97, 241.83, 21.81, 341.8, 401.67, 81.47, 211.45, 101.42, 351.42, 461.42, 321.4, 141.33, 71.32, 291.25, 111.23, 51.22, 521.22, 161.06, 61.05, 270.97, 200.91, 260.75, 40.74, 370.72, 540.72, 130.7, 180.64, 30.62, 360.62, 380.6, 550.59, 500.57, 170.44, 430.37, 440.32, 470.31, 420.12, 480.12;

കൊട്ടാരക്കര മുനിസിപ്പാലിറ്റിവാർഡ് 206.1 ശതമാനം, 224.71, 154.48, 33.4, 53.1, 73.1, 42.82, 192.5, 62.33, 22.16, 132.13, 92.07, 181.92, 171.63, 231.59, 241.43, 291.16, 261.15, 271.08, 110.78, 140.61, 10, 80, 100, 120, 160, 210, 250, 280;

പരവൂർ മുനിസിപ്പാലിറ്റി വാർഡ് 2510.38 ശതമാനം, 1210, 26.57, 185.89, 55.7, 14.65, 214.6, 313.94, 103.88, 173.54, 63.45, 43.19, 153.13, 243.09, 323, 82.56, 291.82, 31.65, 161.55, 131.15, 201.14, 270.86, 220.76, 140.69, 300.69, 190.67, 70, 90, 110, 230, 260, 280;

പുനലൂർ മുനിസിപ്പാലിറ്റി വാർഡ് 113.99 ശതമാനം, 212.32, 3111.78, 2311.1, 1710, 338.02, 136.15, 215.99, 55.59, 104.54, 84.26, 74.07, 323.86, 113.63, 303.52, 143.13, 262.25, 272.19, 252.18, 62.04, 151.81, 121.33, 161.28, 281.25, 291.23, 351.23, 90.95, 240.76, 190.75, 180.73, 220.7, 200.69, 30, 40, 340;

കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിവാർഡ് 169.44 ശതമാനം, 278.01, 126.71, 326.16, 235.94, 205.78, 184.77, 104.73, 304.64, 74.59, 314.2, 194.11, 214.05, 253.88, 153.62, 93.18, 292.99, 132.94, 282.31, 112.11, 41.99, 141.34, 81.15, 240.99, 350.97, 220.72, 330.68, 260.5, 10, 20, 30, 50, 60, 170, 340;

കുണ്ടറ6.17 ശതമാനം, അലയമൺ4.19, പട്ടാഴി4.14, പത്തനാപുരം3.81, കരവാളൂർ 3.49, നിലമേൽ3.47, തെക്കുംഭാഗം3.32, അഞ്ചൽ3.25, വിളക്കുടി3.24, ഇളമ്പള്ളൂർ3.22, ചിറക്കര2.99, ശൂരനാട് വടക്ക്2.96, പൂതക്കുളം2.88, തഴവ2.84, മേലില2.81, ചാത്തന്നൂർ2.78, ക്ലാപ്പന2.77, കരീപ്ര2.62, പോരുവഴി2.6, കുളക്കട2.58, മൈനാഗപ്പള്ളി2.55, നീണ്ടകര2.54, പെരിനാട്2.52, വെളിനല്ലൂർ 2.49, കുന്നത്തൂർ2.44, കല്ലുവാതുക്കൽ2.41, ഇളമാട് 2.39, ഓച്ചിറ2.39, കടയ്ക്കൽ2.39, പൂയപ്പള്ളി2.38, ചവറ2.36, ചടയമംഗലം 2.35, കൊറ്റങ്കര2.35, ആദിച്ചനല്ലൂർ2.32, തലവൂർ2.26, തൃക്കോവിൽവട്ടം2.22, തെല2.21, കിഴക്കേ കല്ലട2.2, ഏരൂർ2.18, പ ന2.18, മൈലം2.17, ഇട്ടിവ2.14, വെളിയം2.1, പിറവന്തൂർ2.1, നെടുവത്തൂർ2.08, കുമ്മിൾ 2.08, പട്ടാഴി വടക്കേക്കര 1.99, കുളത്തൂപ്പുഴ1.97, തേവലക്കര1.88, പടിഞ്ഞാറേ കല്ലട1.85, ശൂരനാട് തെക്ക് 1.8, നെടുമ്പന1.77, പേരയം 1.74, ചിതറ1.74, ഇടമുളയ്ക്കൽ1.69, കുലശേഖരപുരം1.63, ശാസ്താംകോട്ട 1.56, മയ്യനാട്1.5, ഉമ്മന്നൂർ 1.5, മൺട്രോതുരുത്ത്1.45, തൊടിയൂർ1.45, പവിത്രേശ്വരം1.44, പനയം1.33, വെട്ടിക്കവല1.32, ആര്യങ്കാവ്1.29, തൃക്കരുവ1.1, എഴുകോൺ 1.05, ആലപ്പാട്0.79.

# നൂറ്റാണ്ടുകൾ തികയുന്ന മലബാർ കലാപചരിത്രം: വെബിനാർ

തിരുവനന്തപുരം: കേരള സർവകലാശാല കേരളപഠനത്തിന്റെ വിഭാഗത്തിന്റെ നേതൃത്വത്തിൽ വെബിനാർ സംഘടിപ്പിക്കുന്നു. നൂറ്റാണ്ടുകൾ പിന്നിടുന്ന മലബാർ കലാപ ചരിത്രത്തെ മുൻനിർത്തിയാണ് കേരളസർവകലാശാല കേരളപഠനവിഭാഗവും കേരള ഹിസ്റ്ററി കോൺഗ്രസ്സും സംയുക്തമായി ത്രിദിന ദേശീയ വെബിനാർ സംഘടിപ്പിക്കുന്നത്. മലബാർ കലാപവും കേരളസമൂഹവും 1921 2021 എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന വെബിനാർ 15 ന് ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ ആർ ബിന്ദു ഉദ്ഘാടനം ചെയ്യും.

ചരിത്രപണ്ഡിതനായ ഡോ. കെ എൻ പണിക്കരാണ് ആമുഖപ്രഭാഷണം നടത്തുന്നത്. പ്രോവൈസ് ചാൻസലർ ഡോ. പി പി അജയകുമാർ അദ്ധ്യക്ഷനാകും. സമ്മേളനത്തിൽ സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. കെ എച്ച് ബാബുജാൻ, ഡോ. എസ് നസീബ്, കേരളപഠനവിഭാഗം അദ്ധ്യക്ഷൻ ഡോ. സി ആർ പ്രസാദ്, ഗവ ആർട്സ് കോളജ് അദ്ധ്യാപകനായ ഡോ. എൻ ഗോപകുമാർ, വെബിനാർ കോഓർഡിനേറ്റർ ഡോ. നൗഷാദ് എസ് എന്നിവർ പങ്കെടുക്കും. വെബിനാർ രജിസ്ട്രേഷന് 9447552876, 9446370168 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## ഓഡിയോ ഹിയറിങ് മാറ്റിവച്ചു

ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 15 വരെ സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ കാര്യാലയത്തിൽ സംസ്ഥാന വിവരാവകാശ കമ്മീഷണർ അഡ്വ. എച്ച്. രാജീവൻ നടത്താൻ നിശ്ചയിച്ചിരുന്ന ഓഡിയോ ഹിയറിങ് മാറ്റിവച്ചു.

# കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരുന്നു

അതീവ ജാഗ്രതയോടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി ജില്ലയിലെ തദ്ദേശസ്ഥാപനങ്ങൾ. പൂതക്കുളത്ത് 1444 പേർക്ക് രണ്ട് ഡോസ് വാക്സിനുകളും ലഭ്യമാക്കി.

13619 പേർക്ക് ആദ്യ ഡോസ് നൽകി. 17053 പരിശോധനകളാണ് ഇതുവരെ നടത്തിയത്. 18 വാർഡുകളിലും പ്രതിരോധപ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്.

ചിറക്കരയിൽ ഇന്നലെ (ഓഗസ്റ്റ് 25) 339 പേർക്ക് വാക്സിൻ ലഭ്യമാക്കി. ഡി.സി.സി യിൽ 15 പേരും ആശുപത്രിയിൽ 14 പേരും ചികിത്സയിലുണ്ട്. 265 പേരിലാണ് പരിശോധന നടത്തിയത്. 16 വാർഡുകളിലും സ്ക്വാഡ് പരിശോധനകൾ വ്യാപിച്ചിട്ടുണ്ട്.

മയ്യനാട് ഗ്രാമപഞ്ചായത്തിൽ 11 രോഗികളാണ് ഡി.സി.സിയിൽ . 22487 പേർക്ക് ഇതുവരെ വാക്സിൻ നൽകി. പോരുവഴി ഗ്രാമപഞ്ചായത്തിലെ ഡിസി സിയിൽ ഒൻപതു രോഗികളുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അനൗൺസ്മെന്റ്കൾ തുടരുന്നു. ടെസ്റ്റുകളുടെ എണ്ണം വർധിപ്പിക്കാനും തൊഴിലുറപ്പ് തൊഴിലാളികൾക്കായി വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കാനും പഞ്ചായത്ത് മുൻകൈയെടുക്കും.

പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിൽ വാർഡുകൾ കേന്ദ്രീകരിച്ചു ആന്റിജൻ, ആർ. ടി. പി. സി. ആർ. പരിശോധനകൾ വ്യാപിപ്പിച്ചു. ഇതുവരെ 17375 പേർക്ക് വാക്സിൻ നൽകി. കോവിഡ് മൂന്നാം തരംഗം മുന്നിൽകണ്ടുള്ള മുൻകരുതൽ നടപടികൾക്കും തുടക്കമായി.

പത്തനാപുരം ഗ്രാമപഞ്ചായത്തിൽ 32924 പേർക്ക് വാക്സിൻ നൽകി. ഡി. ഗി. സിയിൽ 14 രോഗികൾ ആണുള്ളത്.

പുതിയ 10 പോസിറ്റീവ് കേസുകൾ കൂടി റിപ്പോർട്ട് ചെയ്തു. പഞ്ചായത്തിലെ നാല്,അഞ്ച് വാർഡുകൾ കണ്ടയിൻമെന്റ് സോണുകൾ ആണ്.

# കരുവന്നൂർ ബാങ്ക്: ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്താൻ മൂന്നംഗ സമിതി

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്താൻ മൂന്നംഗ സമിതിയെ നിയോഗിച്ചു. നിക്ഷേപകർക്കു തിരികെ നൽകാനുള്ളതിന്റെ കണക്കും ഈ സമിതി വിലയിരുത്തും. പിരിച്ചെടുക്കാനുള്ള കടം കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സഹകരണ രജിസ്ട്രാറിന്റെ മേൽനോട്ടത്തിൽ മൂന്നംഗ സമിതിയായിരിക്കും പ്രവർത്തിക്കുക. തിരിമറി കേസിൽ പ്രതികളായവരുടെ ആസ്തി വിലയിരുത്തുന്നതിനും അതു കൈവിട്ട് പോകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ടെന്ന് സഹകരണ മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. സഹകരണ വകുപ്പിന്റെ അവലോകന യോഗത്തിന് ശേഷമാണ് മന്ത്രി ഇത് അറിയിച്ചത്.

മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സും നീതി സ്റ്റോറുകളും കരുവന്നൂർ ബാങ്കിനുണ്ട്. ഇവിടെ നിന്നും വരുമാനം ലഭിക്കുന്നുമുണ്ട്. ഈ വരുമാനം അടക്കം വിലയിരുത്തിയായിരിക്കും മുന്നോട്ട് പോകുക. നിക്ഷേപകർക്ക് തുക തിരികെ നൽകുന്നതിനുള്ള പാക്കേജ് തയ്യാറാക്കി വരുകയാണ്. തിരികെ നൽകുന്നതിനായി അധിക വരുമാനമുള്ള സഹകരണ സംഘങ്ങൾ, കേരള ബാങ്ക്, സഹകരണ റിസ്ക് ഫണ്ട് ബോർഡ് എന്നിവയുൾപ്പെടുന്ന കൺസോർഷ്യം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. ആദ്യ ഉന്നതതല അന്വേഷണ സംഘം ഇടക്കാല റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചത്. അന്തിമ റിപ്പോർട്ട് അടുത്ത ദിവസങ്ങളിൽ ലഭിക്കും. അന്തിമ റിപ്പോർട്ട് ലഭിച്ചാൽ അടിയന്തര നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വി.എൻ. വാസവൻ വിശദീകരിച്ചു.

# തദ്ദേശ സ്ഥാപനങ്ങൾ തൊഴിൽദായകരാകണം: മന്ത്രി എം.വി ഗോവിന്ദൻമാസ്റ്റർ

തദ്ദേശസ്ഥാപനങ്ങൾ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് തൊഴിൽദായകരായി ഉയരണമെന്ന് തദ്ദേശ സ്വയംഭരണ, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും ആശയവിനിമയം നടത്തുന്നതിന്റെ ഭാഗമായി കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. 1000 ജനസംഖ്യയിൽ അഞ്ചുപേർക്ക് എന്ന രീതിയിൽ തൊഴിലും വരുമാനവും ഉറപ്പാക്കണം. പ്രാദേശികമായ സാധ്യതകളും അവസരങ്ങളും മനസ്സിലാക്കി തദ്ദേശസ്ഥാപനങ്ങൾ ഇടപെടണമെന്നും മന്ത്രി പറഞ്ഞു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനും ഭാവി പ്രവർത്തനങ്ങൾ വിശദീകരിക്കാനുമാണ് യോഗങ്ങൾ വിളിച്ചത്. തൊഴിലും വരുമാനവും ഉറപ്പിക്കാനുള്ള സമീപനത്തോടെ കുടുംബശ്രീ സംവിധാനത്തെ സമകാലികമാക്കണം. അടുത്ത അഞ്ചുവർഷം നവകേരള നിർമ്മാണത്തിനുള്ള കർമ്മപദ്ധതിയാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ജനകീയാസൂത്രണത്തിന്റെ രജതജൂബിലി വേളയിൽ തദ്ദേശ സ്ഥാപനങ്ങളും പുതിയ സമീപനവും പുതിയ ലക്ഷ്യബോധവും കൈക്കൊള്ളണമെന്നും അവലോകന യോഗത്തിൽ മന്ത്രി പറഞ്ഞു. 202122 വാർഷിക പദ്ധതി നിർവഹണം ത്വരിതപ്പെടുത്തണം. സമ്പൂർണ്ണ ശുചിത്വ യജ്ഞം എല്ലാ തദ്ദേശസ്ഥാപനങ്ങളും മുഖ്യകടമയായി ഏറ്റെടുക്കണമെന്നും വകുപ്പ് ഏകീകരണത്തിന്റെ ഗുണഫലം ഭരണ നിർവ്വഹണ കാര്യങ്ങളിൽ ഉണ്ടാകണമെന്നും മന്ത്രി പറഞ്ഞു. കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈനായാണ് യോഗം ചേർന്നത്.

# സർക്കാർ ഐടിഐ അഡ്മിഷൻ: ഓൺലൈൻ അപേക്ഷ ഇന്നുമുതൽ

കേരളത്തിലെ 104 സർക്കാർ ഐടിഐകളിലായി 76 ഏകവത്സര, ദ്വിവത്സര ട്രേഡുകളിലേക്ക് ഇന്ന് (ആഗസ്റ്റ് 26) മുതൽ സെപ്റ്റംബർ 14 വരെ അപേക്ഷിക്കാം. ഓൺലൈനായാണ് അപേക്ഷ നൽകേണ്ടത്.

h-ttp-s://i-ti-a-dm-i-ssion-s.k-er-a-l-a.gov.in എന്ന പോർട്ടൽ വഴിയും h-ttp-s://d-e-t.k-er-a-l-a.gov.in എന്ന വെബ്സൈറ്റ് മുഖേനയും അപേക്ഷിക്കാം. പ്രോസ്പെക്ടസും മാർഗ്ഗനിർദേശങ്ങളും വെബ്സൈറ്റിലും പോർട്ടലിലും ലഭ്യമാണ്. പോർട്ടലിൽ തന്നെ പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഓൺലൈനായി 100 രൂപ ഫീസടച്ച് കേരളത്തിലെ ഏത് ഐ.ടി.ഐകളിലും അപേക്ഷിക്കാം. നിശ്ചിത തിയതിയിൽ ഓരോ ഐ.ടി.ഐയുടെയും വെബ്സൈറ്റിൽ റാങ്ക് ലിസ്റ്റ്, അഡ്മിഷൻ തിയതി എന്നിവ പ്രസിദ്ധീകരിക്കും.

റാങ്ക് ലിസ്റ്റുകൾ ഐ.ടി.ഐകളിലും പ്രസിദ്ധീകരിക്കും. അപേക്ഷ സ്വീകരിക്കുന്നത് മുതൽ അഡ്മിഷൻ വരെയുള്ള വിവരങ്ങൾ എസ്.എം.എസ് മുഖേനയും ലഭ്യമാകും. പ്രവേശനത്തിന് അർഹത നേടുന്നവർ നിശ്ചിത തീയതിക്കുള്ളിൽ അഡ്മിഷൻ ഫീസ് അടയ്ക്കണം. കേരളം മുഴുവൻ ഒരേ സമയത്ത് അഡ്മിഷൻ നടക്കുന്നതിനാൽ മുൻഗണന അനുസരിച്ചുള്ള സ്ഥാപനങ്ങൾ വിദ്യാർത്ഥികൾ സ്വയം തെരഞ്ഞെടുക്കണം.



2019-20 അധ്യയന വർഷം ഉന്നതവിജയം കരസ്ഥമാക്കിയ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്കായുള്ള സംസ്ഥാനതല സ്കോളർഷിപ്പും സ്വർണനാണയ വിതരണവും തൊഴിൽ മന്ത്രി വി.ശിവൻകുട്ടി നിർവഹിക്കുന്നു

# പ്ലസ് വൺ വിദ്യാർത്ഥിയെ ആളുമാറി മർദ്ദിച്ച എസ് ഐ ക്കെതിരെ അന്വേഷണത്തിന് മനുഷ്യാവകാശ കമ്മിഷൻ ഉത്തരവ്

തിരുവനന്തപുരം: പ്ലസ് വൺ വിദ്യാർത്ഥിയെ ആളുമാറി പിടിച്ച് മർദ്ദിച്ച സംഭവത്തിൽ ആര്യനാട് സബ്ഇൻസ്പെക്ടർക്കെതിരെ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ.

റൂറൽ ജില്ലാ പൊലീസ് മേധാവിക്കാണ് കമ്മിഷൻ അധ്യക്ഷൻ ജസ്റ്റിസ് ആന്റണി ഡൊമിനിക്ക് ഉത്തരവ് നൽകിയത്. ആര്യനാട്ആനന്ദേശ്വരം സ്വദേശിയായ വിദ്യാർത്ഥിയുടെ പിതാവ് എസ് അരുൺ ഘോഷ് സമർപ്പിച്ച പരാതിയിലാണ് നടപടി. സിവിൽ ഡ്രസ്സിലെത്തിയ എസ് ഐ പെട്രോൾ പമ്പിലേക്ക് പോവുകയായിരുന്ന തന്റെ മകൻ ഓടിച്ചിരുന്ന ബൈക്ക് തടഞ്ഞു നിർത്തിയാണ് മർദ്ദിച്ചതെന്ന് പരാതിയിൽ പറയുന്നു. കരണത്തടിച്ചും ഇരുകൈകളും ചേർത്ത് വിലങ്ങിട്ട് സ്റ്റേഷനിലെത്തിക്കുകയും ചെയ്തു.

ആള് മാറിയെന്ന് മനസ്സിലാക്കിയതോടെ മർദ്ദിച്ച വിവരം പുറത്തുപറയരുതെന്ന് എസ്ഐ ആവശ്യപ്പെട്ടതായി പരാതിയിൽ പറയുന്നു. വിദ്യാർത്ഥിയുടെ പേരിൽ പെറ്റി കേസെടുത്ത ശേഷമാണ് വിട്ടയച്ചത്. നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ചികിത്സ തേടി. റിപ്പോർട്ട് നാലാഴ്ചയ്ക്കകം സമർപ്പിക്കണമെന്ന് കമ്മിഷൻ ആവശ്യപ്പെട്ടു.

# സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/കമ്പ്യൂട്ടർ പ്രോഗ്രാമർ: അപേക്ഷ ക്ഷണിച്ചു

ഫിഷറീസ് ഡയറക്ടറേറ്റിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.

എം.ടെക്/എം.ഇ/ബി.ടെക്/ബി.ഇ/എം.സി.എ/എം.എസ്സി കമ്പ്യൂട്ടർ സയൻസ് ആണ് യോഗ്യത. നെറ്റ് വർക്കിംഗ് സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം. പ്രോഗ്രാമിംഗ്/ നെറ്റ് വർക്കിംഗ്/ വെബ് ഡിസൈനിംഗ് മേഖലയിൽ മൂന്ന് വർഷത്തെ പ്രവൃത്തിപരിചയം അഭിലഷണീയം. കൂടുതൽ വിവരങ്ങൾ www.f-i-sh-er-i-e-s.k-er-a-l-a.gov.in. ൽ ലഭിക്കും. അപേക്ഷ സെപ്റ്റംബർ 6നകം നൽകണം.

# മൈസൂരുവിൽ സുഹൃത്തിനെ അടിച്ച് വീഴ്ത്തി വിദ്യാർഥിനിയെ കൂട്ടബലാത്സംഗത്തിനിരയാക്കി

മൈസൂരു: മൈസൂരു നഗരത്തിലെ ചാമുണ്ഡി ഹില്ലിൽ ആൺസുഹൃത്തിനൊപ്പം വിനോദ സഞ്ചാരിയായി എത്തിയ കോളജ് വിദ്യാർഥിനിയെ ആറംഗസംഘം മാനഭംഗപ്പെടുത്തി. നഗരത്തിലെ സ്വകാര്യ കോളജിൽ പഠിക്കുന്ന ഉത്തർപ്രദേശ് സ്വദേശിനിയാണ് കൂട്ടമാനഭംഗത്തിനിരയായത്.

ചൊവ്വാഴ്ച രാത്രി 7.30 ഓടെയായിരുന്നു സംഭവം. കോളജിൽ ക്ലാസിനുശേഷം സഹപാഠിയായ ആൺസുഹൃത്തിനൊപ്പം ബൈക്കിലെത്തി ചാമുണ്ഡി ഹില്ലിലെ ആളൊഴിഞ്ഞ പ്രദേശമായ ലളിലാദ്രിപുരയിലെ പാറപ്പുറത്ത് ഇരിക്കുന്പോഴായിരുന്നു സംഭവം. മദ്യലഹരിയിലായിരുന്ന യുവാക്കളാണ് അതിക്രമം നടത്തിയത്.

ഇരുവരെയും സമീപിച്ച യുവാക്കൾ പണം ആവശ്യപ്പെട്ടു. ഇതിനു വിസമ്മതിച്ചതോടെ ആദ്യം വിദ്യാർഥിയെ കല്ലുകൊണ്ടിടിച്ചു വീഴ്ത്തിയശേഷം വിദ്യാർഥിനിയെ കടന്നുപിടിക്കുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു. ബോധം വീണ്ടുകിട്ടിയ ഇരുവരും പുലർച്ചെ 1.30 ഓടെ റോഡരികിലേക്ക് നടന്നെത്തുകയും വാഹനം കൈകാട്ടി നിർത്തിച്ച് ഒരു യാത്രക്കാരൻറെ സഹായത്തോടെ ആശുപത്രിയിൽ എത്തുകയുമായിരുന്നു.

വിദ്യാർഥിനിയുടെ അവസ്ഥയിൽ പന്തികേട് തോന്നിയ ആശുപത്രി അധികൃതരാണ് രാവിലെ വിവരം പോലീസിൽ അറിയിച്ചത്. തുടർന്ന് പോലീസ് ആശുപത്രിയിലെത്തി ആൺവിദ്യാർഥിയുടെ മൊഴി രേഖപ്പെടുത്തി. വിദ്യാർഥിനിക്ക് സംസാരിക്കാനാകില്ലെന്നും പൂർണ ആരോഗ്യം വീണ്ടുകിട്ടിയാൽ മാത്രമേ മൊഴി രേഖപ്പെടുത്താനാകൂവെന്നും പോലീസ് പറഞ്ഞു.

അതേസമയം, സംഭവത്തെക്കുറിച്ചുള്ള അന്വേഷണം വേഗത്തിലാക്കി പ്രതികളെ പിടികൂടാൻ ഡിജിപിക്ക് നിർദേശം നൽകിയതായി ഡൽഹിയിലുള്ള മുഖ്യമന്ത്രി ബസവരാജ് ബൊമ്മെ പറഞ്ഞു. സംഭവസ്ഥലം സിറ്റി പോലീസ് കമ്മീഷണർ ഡോ.ചന്ദ്രഗുപ്ത സന്ദർശിച്ചു. പ്രതികളെ പിടികൂടാൻ വിവിധ സംഘങ്ങളായി തിരിഞ്ഞ് പോലീസ് വ്യാപക തെരച്ചിൽ നടത്തിവരികയാണെന്ന് അദ്ദേഹം അറിയിച്ചു.

## തമിഴ്നാട്ടിൽ അങ്കണവാടികൾ തുറക്കുന്നു

ചെന്നൈ: കോവിഡ് വ്യാപനം നിയന്ത്രണത്തിലായതോടെ തമിഴ്നാട്ടിലെ അങ്കണ വാടികൾ തുറന്നുപ്രവർത്തിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. സെപ്റ്റംബർ ഒന്നുമുതലാണ് പ്രവർത്തനം തുടങ്ങുക.ഒമ്പത് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളും പോളിടെക്നിക്കുകളും ഒന്നാം തീയതി മുതൽ പ്രവർത്തിക്കും.

പുതിയ നിർദ്ദേശമനുസരിച്ച് ഉച്ചഭക്ഷണം 11.30നും 12.30നും ഇടയിൽ നൽകണം. അങ്കണവാടി ജീവനക്കാർ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണം.

രണ്ട് വാക്സിനും എടുക്കണം. അങ്കണവാടിയിലെ ജീവനക്കാർ നെയിൽ പോളിഷ് പോലുള്ളവ ഉപയോഗിക്കരുത്. കണ്ണ്, മൂക്ക്, വായ എന്നിവ തൊടരുത്, പരിസരത്ത് തുപ്പരുത് തുടങ്ങിയ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കുട്ടികൾക്കും സാമൂഹിക അകല നിർദ്ദേശം ബാധകമായിരിക്കും.



മൃഗസംരക്ഷണവകുപ്പ് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിന്റെ ഉദ്ഘാടനം മന്ത്രി ചിഞ്ചുറാണി നിർവഹിക്കുന്നു

## നടൻ വിവേകിൻെറ മരണത്തിൽ അന്വേഷണം

ചെന്നൈ: നടൻ വിവേകിൻെറ മരണത്തിൽ അന്വേഷണം പ്രഖ്യാപിച്ച് ദേശീയ മനുഷ്യവകാശ കമ്മീഷൻ. കോവിഡ് വാക്സിൻ എടുത്ത് രണ്ട് ദിവസത്തിനുശേഷമാണ് വിവേകിനെ ഹൃദയാഘാതത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. തുടർന്നു ഏപ്രിൽ 17നായിന്നു വിവേകിൻറെ അന്ത്യം.

കോവിഡ് വാക്സിൻ എടുത്തതാണ് മരണകാരണമെന്ന തരത്തിൽ പ്രചാരണങ്ങളുണ്ടായിരുന്നു. നടൻ മൻസൂർ അലിഖാൻ അടക്കമുള്ളവരാണ് ആരോപണവുമായി രംഗത്ത് വന്നത്. പ്രചാരണം നടത്തിയവർക്കെതിരേ കേസെടുക്കുകയും ചെയ്തിരുന്നു.

വിഴുപുരം സ്വദേശിയായ ഒരു സാമൂഹ്യപ്രവർത്തകൻ ദേശീയ മനുഷ്യവകാശ കമ്മിഷന് പരാതി നൽകിയതിനെ തുടർന്നാണ് അന്വേഷണം പ്രഖ്യാപിച്ചത്. കോവിഡ് വാക്സിനെടുത്തതിന് ശേഷമാണ് മരണം സംഭവിച്ചതെന്ന് ചിലർ പ്രചാരണം നടത്തുമ്പോൾ പൊതുജനങ്ങളുടെ ആശങ്ക ദുരീകരിക്കണമെന്ന് ഹർജിയിൽ പറയുന്നു.

## ആദിവാസി കുടുംബങ്ങൾക്ക് വസ്ത്രവും ആഹാരവും നൽകി

വെള്ളറട: ആദിവാസി കുടുംബങ്ങൾക്ക് വസ്ത്രവും ആഹാരവും നൽകി ഓണം ആഘോഷിച്ചു. കോതയാറിലെ മോതിരമല കിളവിയാർ ആദിവാസി മലയിൽ ജയിൽ ഫെല്ലോഷിപ്പിന്റെ നേതൃത്വത്തിലാണ് ഓണാഘോഷം സംഘടിപ്പിച്ചത്.

തിരുവനതപുരം ക്രിസ്തുമങ്ങലം ഇടക ചർച്ചിലെ ഫാദർ സിംസോൺ വസ്ത്രം നൽകി ഉദ്ഘാടനം നിർവഹിച്ചു. പാസ്റ്റർ യേശുരാജൻ, പേച്ചിപ്പാറ പഞ്ചായത്ത് പ്രസിഡന്റ് ദേവദാസ്, ജയിൽ ഫെലോഷിപ്പ് പ്രസിഡന്റ് ടി ഡേവിഡ്സൺ, സെക്രട്ടറി അനീഷ് തുടങ്ങിയവർ പങ്കെടുത്തു.

## വിർച്വൽ ഹിയറിങ് നിർത്തിവച്ച് ഉത്തരാഖണ്ഡ് ഹൈക്കോടതി

ന്യൂഡൽഹി: വിർചൽ ഹിയറിങുകൾ നിർത്തിവച്ച് ഉത്തരാഖണ്ഡ് ഹൈക്കോടതി. ഓഗസ്റ്റ് 24 മുതൽ വിർചൽ ഹിയറിങിനായുള്ള അപേക്ഷകൾ സ്വീകരിക്കില്ലെന്നും കോടതി വ്യക്തമാക്കി. എന്നാൽ , വിർചൽ ഹിയറിങുകൾ റദ്ദാക്കാനുള്ള തീരുമാനത്തിനെതിരെ സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ വിധി വരുന്നതിന് മുൻപാണ് ഹൈക്കോടതി നടപടികൾ നിർത്തിവയ്ക്കുന്നതായി അറിയിച്ചത്. വിർചൽ ഹിയറിങുകൾ നിർത്തിവെയ്ക്കുന്ന രാജ്യത്തെ ആദ്യ ഹൈക്കോടതിയാണ് ഉത്തരാഖണ്ഡ് ഹൈക്കോടതി. നേരിട്ടുള്ള വാദം കേൾക്കലിനായുള്ള മാർഗനിർദ്ദേശങ്ങൾ ഹൈക്കോടതി രജിസ്ട്രാർ ജനറൽ ആഗസ്റ്റ് 16 ന് പുറപ്പെടുവിച്ചിരുന്നു.

ഉത്തരാഖണ്ഡ് ബാർ അസോസിയേഷനും ഹൈക്കോടതിയുടെ തീരുമാനത്തിൽ പിന്തുണ അറിയിച്ചിട്ടുണ്ട്. എന്നാൽ യാത്രാബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് വിർചൽ ഹിയറിങ് ഉപകാരമായിരുന്നെന്നും ഒരു സംഘം അഭിഭാഷകർ ചൂണ്ടിക്കാണിക്കുന്നുണ്ട്.

# അഫ്ഗാനിൽ നിന്നെത്തിയ 16 പേർക്ക് കോവിഡ്

കാബൂൾ: അഫ്ഗാനിൽ നിന്നും കഴിഞ്ഞ ദിവസം ഡൽഹിയിൽ എത്തിച്ച 16 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. 78 പേരാണ് വിമാനത്തിൽ ഉണ്ടായിരുന്നത്. വിമാനത്തിലുണ്ടായിരുന്ന 78 പേരിൽ 53 പേർ അഫ്ഗാൻ പൗരന്മാരും 25 പേർ ഇന്ത്യക്കാരുമാണ്. മുൻകരുതലെന്ന നിലയിൽ ഇവരെ ഡൽഹിയിലെ കോവിഡ് നിരീക്ഷണ കേന്ദ്രത്തിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

ഗുരുഗ്രന്ഥ സാഹിബുമായെത്തിയ മൂന്ന് പേർക്കും കോവിഡ് സ്ഥിരീകരിച്ചിട്ടുണ്ട്. 228 ഇന്ത്യക്കാരടക്കം 626 പേരാണ് ഇന്ത്യയിൽ തിരിച്ചെത്തിയതെന്ന് ഹർദീപ് പുരി അറിയിച്ചു. അതിൽ 77 പേർ അഫ്ഗാൻ സിഖുകാരാണ്.

അഫ്ഗാനിൽ നിന്ന് വരുന്നവർ നിർബന്ധമായും 14 ദിവസം ക്വാറന്റീനിൽ കഴിയണമെന്ന് നേരത്തെ കേന്ദ്ര ആരോഗ്യ മന്ത്രാലയം വ്യക്തമാക്കിയിരുന്നു. അഫ്ഗാനിസ്ഥാനിലെ സാഹചര്യം കണക്കിലെടുത്ത് വിമാനത്തിൽ കയറുന്നതിന് മുൻപായുള്ള കോവിഡ് ടെസ്റ്റ് ഒഴിവാക്കിയിരുന്നു. യാത്രക്കിടെ കോവിഡ് ലക്ഷണങ്ങളോ, കോവിഡ് പോസിറ്റീവ് ആകുകയോ ചെയ്യുന്നവരെ ഉടൻ നേരെ ഡൽഹി കോവി!ഡ് കെയർ സെന്ററിലേക്കാകും കൊണ്ടുപോവുക.

അതേസമയം, കാബൂളിൽ നിന്നുള്ള ഒഴിപ്പിക്കൽ നടപടികൾ ഓഗസ്റ്റ് 31 ന് മുൻപ് പൂർത്തിയാക്കാൻ തീരുമാനിച്ചിരിക്കുകയാണ് ഇന്ത്യ. അഫ്ഗാനിൽ ഉള്ള ഇന്ത്യക്കാരോട് എത്രയും വേഗം മടക്കയാത്രക്ക് തയാറാകാൻ നിർദേശിച്ചു. അഫ്ഗാനിൽ ഇന്ത്യ നടത്തുന്ന രക്ഷാ പ്രവർത്തനങ്ങൾ തുടരുകയാണ്. പ്രതിദിനം രണ്ട് വിമാനങ്ങളാണ് കാബൂളിൽ നിന്ന് ഡൽഹിയിൽ എത്തുന്നത്.

## പെട്രോൾ വില ഉപയോഗിക്കുന്നത് ജനക്ഷേമ പ്രവർത്തനങ്ങൾക്കെന്ന് ഹർദീപ്സിങ്പുരി

ന്യൂഡൽഹി: അടിക്കടി ഉയരുന്ന ഇന്ധന വിലയിൽ പ്രതികരണവുമായി കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിങ് പുരി. പെട്രോൾ വില കേന്ദ്രസർക്കാർ ഉപയോഗിക്കുന്നത് ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. അടുത്ത മാസങ്ങളിൽ ജനങ്ങൾക്ക് പെട്രോൾ വിലയിൽ കുറച്ച് ആശ്വാസം നൽകുമെന്നും മന്ത്രി പറഞ്ഞു.

”വിഷയത്തെ കേന്ദ്ര സർക്കാർ ഗൗരവ പൂർവം പരിഗണിക്കുന്നുണ്ട്. അടുത്ത മാസങ്ങളിൽ ആശ്വാസ നടപടികൾ വരും” ഹർദീപ് സിങ് പുരി പറഞ്ഞു.

തുടർന്ന് പെട്രോൾ വില വർധനവിനെ മന്ത്രി ന്യായീകരിക്കുകയും ചെയ്തു. സർക്കാർ ഒരു ലിറ്റർ പെട്രോളിന് 32 രൂപയാണ് എക്സൈസ് തീരുവ വാങ്ങുന്നത്. ഇത് ക്ഷേമ പ്രവർത്തനങ്ങൾക്കായാണ് ഉപയോഗിക്കുന്നത്.

’സർക്കാർ 80 കോടി ജനങ്ങൾക്ക് സൗജന്യ റേഷൻ നൽകി. സൗജന്യ വാക്സിനും മറ്റു സൗകര്യങ്ങളും നൽകി. ഇതെല്ലാം പരിഗണിക്കണം. എക്സൈസ് ഡ്യൂട്ടി തീരുവയുടെ കാര്യം ഏപ്രിൽ 2010ലേതിന് സമാനമായി തുടരുമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

# റാണെ അടി തിരിച്ചടിക്കുന്നു; ഉദ്ധവ് നേരത്തെ യോഗിയെ 'ചെരിപ്പിനടിച്ചു'

മുംബൈ: മഹാരാഷ്ട്ര മുഖ്യമന്ത്രി ഉദ്ധവ് താക്കറെയെ തല്ലുമായിരുന്നുവെന്നു പ്രസംഗിച്ചതിനെത്തുടർന്ന് കേന്ദ്രമന്ത്രി നാരാണൻ റാണ അറസ്റ്റിലായ സംഭവത്തിൽ ഉദ്ധവിനു മറുപാരയായി പഴയ പ്രസംഗം.

മുഖ്യമന്ത്രിയെ അധിക്ഷേപിച്ചെന്ന കുറ്റം ചുമത്തിയാണ് കേന്ദ്ര ചെറുകിടഇടത്തരം സംരംഭക വകുപ്പ് മന്ത്രിയായ റാണയെ മഹാരാഷ്ട്ര പോലീസ് അറസ്റ്റ് ചെയ്തത്. കലാപത്തിനു പ്രേരണ നൽകിയെന്നത് ഉൾപ്പെടെ ജാമ്യമില്ലാ വകുപ്പുകൾ ചുമത്തിയാണ് കേസെടുത്തിരിക്കുന്നത്.

20 വർഷത്തിനിടെ അറസ്റ്റിലാകുന്ന ആദ്യ കേന്ദ്രമന്ത്രിയാണ് റാണെ. പരാമർശത്തിൻറെ പേരിൽ തനിക്കെതിരേ വിവിധ പ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്ത എഫ്ഐആറുകൾ റദ്ദാക്കണമെന്നാവശ്യപ്പെട്ടും അറസ്റ്റിൽനിന്നു സംരക്ഷണം തേടിയും നാരായൺ റാണെ ബോംബെ ഹൈക്കോടതിയെ സമീപിച്ചിരുന്നു.

എന്നാൽ, ഹർജി കോടതി തള്ളി. ഇതിനു പിന്നാലെയാണ് റാണയെ അറസ്റ്റ് ചെയ്തത്. മുൻ ശിവസേനക്കാരൻ കൂടിയായ ബിജെപി നേതാവ് റാണെയും ശിവസേനയും കടുത്ത എതിരാളികളാണ്. റാണെയെ മുന്നിൽനിർത്താണ് ബിജെപി ശിവസേനയ്ക്കെതിരേ നീങ്ങുന്നത്.

അതേസമയം, റാണയുടെ പരാമർശത്തിൽ അറസ്റ്റ് നടത്തിയതിനിടെ ഉദ്ധവ് താക്കറെയുടെ പഴയ പ്രസംഗം പൊടി തട്ടിയെടുത്ത് എതിരാളികൾ പ്രചരിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. യുപി മുഖ്യമന്ത്രിയായ യോഗി ആദിത്യനാഥിനെ ചെരിപ്പിന് അടിക്കണമെന്നാണ് വീഡിയോയിൽ താക്കറെ പറയുന്നത്.

താക്കറെ മഹാരാഷ്ട്ര മുഖ്യമന്ത്രിയാകുന്നതിന് ഒരു വർഷം മുന്പ് 2018ൽ നടത്തിയ പ്രസംഗത്തിൻറെ വീഡിയോയാണ് പുറത്തുവന്നിരിക്കുന്നത്. റാണെ നടത്തിയതിനേക്കാൾ മോശമായ പ്രസംഗമാണ് മറ്റൊരു മുഖ്യമന്ത്രിക്കെതിരേ അന്നു താക്കറെ നടത്തിയതെന്നാണ് ബിജെപി കേന്ദ്രങ്ങൾ ഉയർത്തുന്ന ആരോപണം.

എങ്ങനെ അയാൾക്കു മുഖ്യമന്ത്രി ആയിരിക്കാൻ കഴിയും അദ്ദേഹം യോഗിയാണെന്നു പറയുന്നു. യോഗിയാണെങ്കിൽ എല്ലാം ഉപേക്ഷിക്കണം, ഗുഹയിൽ കഴിയണം. എന്നാൽ, അദ്ദേഹം മുഖ്യമന്ത്രിക്കസേരയിൽ ക!യറിയിരുന്ന് സ്വയം യോഗിയെന്നു വിളിക്കുന്നു. യുപിയും മഹാരാഷ്ട്രയും തമ്മിലുള്ള ബന്ധം അദ്ദേഹം പഠിക്കേണ്ടിയിരിക്കുന്നു.

മഹാരാഷ്ട്രയിൽ എത്തിയ അദ്ദേഹം ശിവജിയുടെ പ്രതിമയ്ക്കു മുന്നിൽ ചെരിപ്പുകൾ ഇട്ടുനിന്നു. അതേ ചെരിപ്പുകൾ ഉപയോഗിച്ച് അദ്ദേഹത്തെ അടിക്കാനാണ് എനിക്കു തോന്നുന്നത്. ശിവജിയുടെ പ്രതിമയ്ക്കു മുന്നിൽ നിൽക്കാൻ എന്തു യോഗ്യതയാണ് താങ്കൾക്കുള്ളത് ഇങ്ങനെ നീളുന്നതായിരുന്നു താക്കറെയുടെ പ്രസംഗം.

പുതിയ വിവാദത്തിൻറെ സാഹചര്യത്തിൽ മൂന്നു വർഷം മുന്പത്തെ പരാമർശത്തിൻറെ പേരിൽ താക്കറെയ്ക്കെതിരേ കേസ് കൊടുക്കാനുള്ള നീക്കത്തിലാണ് യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ്. താക്കറെയുടെ വീഡിയോ കൂടി പുറത്തുവന്നതോടെ വിവാദം കൂടുതൽ കത്തിപ്പിടിക്കുകയാണ്.

ഇതിനിടെ, റാണെയുടെ പരാമർശത്തിനെതിരേ ശിവസേനാ പ്രവർത്തകരുടെ വ്യാപക പ്രതിഷേധം തുടരുകയാണ്. മുംബൈയിലും സമീപ പ്രദേശങ്ങളിലും റാണെയ്ക്കെതിരേ പോസ്റ്റർ പതിച്ചു. അമരാവതിയിൽ ശിവസേനാ പ്രവർത്തകർ ബിജെപി ഓഫീസ് തകർത്തു. മുംബൈയുടെ വിവിധയിടങ്ങളിൽ ശിവസേനബിജെപി പ്രവർത്തകർ ഏറ്റുമുട്ടി. പലയിടത്തും കല്ലേറുണ്ടായി.

നാസിക്കിൽ ബിജെപി ഓഫീസിനു നേർക്കു ശിവസേനക്കാർ കല്ലെറിഞ്ഞു. റാണെയുടെ പരാർശത്തെ ബിജെപി പിന്തുണയ്ക്കുന്നില്ലെന്നും എന്നാൽ, പാർട്ടി നൂറു ശതമാനവും അദ്ദേഹത്തോടൊപ്പം നിലകൊള്ളുമെന്നും മഹാരാഷ്ട്ര പ്രതിപക്ഷ നേതാവ് ദേവേന്ദ്ര ഫഡ്നാവിസ് പറഞ്ഞു.

## മധ്യവയസ്കനെ വെട്ടിപ്പരിക്കേൽപ്പിച്ച പ്രതി പിടിയിൽ

തിരുവനന്തപുരം: കോവളത്ത് മധ്യവയസ്കനെ തലയിൽ വെട്ടിപ്പരിക്കേൽപ്പിച്ച കേസ്സിലെ പ്രതിയെ പൊലീസ് പിടികൂടി. കോവളം ഭാരതിയമ്മൻ കോവിൽ റോഡ് മാധവമന്ദിരത്തിൽ അനിക്കുട്ടൻ എന്ന് വിളിക്കുന്ന സുവീഷ് (32) നെയാണ് കോവളം പൊലീസ് അറസ്റ്റ് ചെയ്തത്. തിങ്കളാഴ്ചയാണ് സംഭവം നടന്നത്. നെടുമം കീഴേപാറവിളയിൽ താമസം 52 വയസ്സുള്ള ഉണ്ണികൃഷ്ണന്റെ വീട്ടിൽ അതിക്രമിച്ച് കയറിയ പ്രതി കത്തി കൊണ്ട് തലയിൽ വെട്ടിപ്പരിക്കേൽപ്പിക്കുകയായിരുന്നു. ബീഡി ചോദിച്ചിട്ട് നൽകാത്തതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം. പരിക്കേറ്റ ഉണ്ണികൃഷ്ണനെ കോവളം പൊലീസാണ് ആശുപത്രിയിൽ എത്തിച്ചത്. ആക്രമണത്തിന് ശേഷം കടന്നുകളഞ്ഞ പ്രതിയെ കോവളം എസ്എച്ച്ഒ പ്രൈജുവിന്റെ നേതൃത്വത്തിൽ എസ്ഐ അനീഷ് കുമാർ, എഎസ്ഐ സന്തോഷ്, സിപിഒമാരായ പ്രമോദ്, സുനിൽ ലാൽ എന്നിവരടങ്ങിയ പൊലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## പാകിസ്ഥാൻ ഭീകരരെ വളർത്തുന്നു ഇന്ത്യ നല്ല സുഹൃത്ത്: അഫ്ഗാൻ പോപ്പ് ഗായിക

ന്യൂഡൽഹി: ഇന്ത്യ നല്ല സുഹൃത്തെന്ന് അഫ്ഗാനിസ്ഥാനിലെ പ്രശസ്ത പോപ്പ് ഗായിക ആര്യാന സയീദ്. പ്രതിസന്ധിയിൽ നിന്നും അഫ്ഗാൻ പൗരന്മാരെ സംരക്ഷിക്കുന്ന ഇന്ത്യ ശരിയായ സുഹൃത്താണെന്ന് അഭിപ്രായപ്പെട്ട ആര്യാന പാകിസ്ഥാന്റെ തീവ്രവാദികളെ സംരക്ഷിക്കുന്ന നടപടിയെ അപലപിക്കുകയും ചെയ്തു. അഫ്ഗാനിസ്ഥാനിലെ പ്രതിസന്ധിക്കിടെയും അവിടത്തെ പൗരന്മാരെ സംരക്ഷിക്കുന്നതിന് താൽപര്യം പ്രകടിപ്പിക്കുന്ന ഇന്ത്യയുടെ നടപടിയെ അവർ അഭിനന്ദിച്ചു. താലിബാൻ തീവ്രവാദികൾക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകുന്നത് പാകിസ്ഥാനാണ്. തീവ്രവാദികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പാകിസ്ഥാന് ഫണ്ടുകൾ കൊടുക്കുന്നത് നിർത്തിവയക്കണമെന്നും അവർ ആവശ്യപ്പെട്ടു. താലിബാൻ അഫ്ഗാനിസ്ഥാൻ ഭരണം പിടിച്ചെടുത്തതിനെത്തുടർന്ന് രാജ്യം വിട്ടതിനു പിന്നാലെയാണ് ആര്യാനയുടെ പ്രതികരണം.

# അഫ്ഗാൻ അഭയാർത്ഥികൾക്ക് സഹായവുമായി കോർപ്പറേറ്റ് ഭീമന്മാർ

വാഷിംഗ്ടൺ: അഫ്ഗാനിസ്ഥാനിൽ നിന്നുള്ള അഭയാർത്ഥികൾക്ക് സഹായവുമായി അമേരിക്കൻ കോർപ്പറേറ്റ് ഭീമൻമാർ. ചില്ലറ വില്പന ശൃംഖലയിലെ വമ്പന്മാരായ വാൾമാർട്ടും ഹോം ഷെയറിങ് കമ്പനിയായ എയർബിൻബി ഉൾപ്പെടെയുള്ളവയാണ് സന്നദ്ധമായി മുന്നോട്ടു വന്നത്.

അമേരിക്കയിലെ പ്രമുഖ ഹോം ഷെയറിങ് കമ്പനിയായ എയർബിഎൻബി ലോകത്താകമാനമുള്ള 20,000 അഫ്ഗാൻ അഭയാർത്ഥികൾക്ക് താൽക്കാലിക താമസ സൗകര്യം ഒരുക്കുമെന്നാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. പുറത്തുനിന്നുള്ള സമാനമനസ്ഥിതതിയുള്ളവരുടെ സഹകരണവും ഇവർ സ്വീകരിക്കുന്നുണ്ട്. നിലവിൽ താൽ!ക്കാലിക സൗകര്യമാണ് ഒരുക്കുന്നതെങ്കിലും അവർക്ക് ആവശ്യമുള്ളിടത്തോളം ഇത് ഉപയോഗപ്പെടുത്താനാകും. കഴിഞ്ഞ ആഴ്ചവരെ 165 അഭയാർത്ഥികൾക്ക് താമസമൊരുക്കി.

അമേരിക്കയിലെത്തുന്ന അഫ്ഗാൻ അഭയാർത്ഥികൾക്ക് സഹായമെത്തിക്കാനായി സന്നദ്ധസംഘടനകൾ വഴി ഒരു മില്ല്യൺ ഡോളർ കൈമാറുമെന്ന് വാൾമാർട്ട് അറിയിച്ചു. യു എസ് വയർലസ് കാരിയർ കമ്പനിയായ വറൈസൺ അഫ്ഗാനിൽ നിന്നുള്ള തങ്ങളുടെ ബിസിനസ് ഉപഭോക്താക്കൾക്ക് ഉൾപ്പെടെ ഫോൺ വിളിക്കുള്ള നിരക്കിൽ ഇളവ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്ന് മുതൽ സെപ്റ്റംബർ ആറ് വരെയാണ് ഇളവ്. അഫ്ഗാനിൽ നിന്നുള്ള ഒഴിപ്പിക്കലിന് ആറ് സ്വകാര്യ വിമാന കമ്പനികൾ സഹായിച്ചതായി കഴിഞ്ഞ ദിവസം അമേരിക്ക വെളിപ്പെടുത്തിയിരുന്നു.

## അപേക്ഷ ക്ഷണിക്കുന്നു

തിരുവനന്തപുരം കേരള സർക്കാർ ടൂറിസം വകുപ്പിന്നു കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്ഡ് ട്രാവൽ സ്റ്റഡീസിന്റെ തിരുവനന്തപുരം/കൊച്ചി/തൃശ്ശൂർ കാമ്പസിൽ ഈ വർഷം ആരംഭിക്കുന്ന എയർപോർട്ട്/ലോജിസ്റ്റിക്സ് മാനേജ്മെൻറ് ഡിപ്ലോമ കോഴ്സുകളിലേക്ക പ്ലസ് ടൂ/ഡിഗ്രീ വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ എന്ന വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9567869722 എന്ന നമ്പറിൽ ബന്ധപ്പെടുക.

## വിവരം അറിയിക്കണം

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വമുള്ളവരിൽ കോവിഡ് 19 ബാധിച്ച് ചികിത്സ തേടിയവരുടെയും, മരണപ്പെട്ടവരുടെയും വിവരം കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ അറിയിക്കണം.

## കണ്ണൂർ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ഐ.എച്ച്.ആർ.ഡി കോളേജുകളിൽ ഡിഗ്രി പ്രവേശനം

ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ കണ്ണൂർ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള പട്ടുവം (0460 2206050, 8547005048), ചീമേനി (04672257541, 8547005052), കൂത്തുപറമ്പ് (04902362123, 8547005051), പയ്യന്നൂർ (0497 2877600, 8547005059), മഞ്ചേശ്വരം (04998215615, 8547005058), മാനന്തവാടി (04935245484, 8547005060), ഇരിട്ടി (0490 2423044, 8547003404), പിണറായി (04902384480, 8547005073), മടിക്കൈ (നീലേശ്വരം 04672240911, 8547005068) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അപ്ലൈഡ് സയൻസ് കോളേജുകളിലേക്ക് 202021 അധ്യയന വർഷത്തിൽ ഡിഗ്രി കോഴ്സുകളിൽ കോളേജുകൾക്ക് നേരിട്ട് അഡ്മിഷൻ നടത്താവുന്ന 50 ശതമാനം സീറ്റുകളിൽ പ്രവേശനത്തിന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. അപേക്ഷ ംംം.ശവൃറമറാശശൈീി.ീൃഴ വഴി സമർപ്പിക്കണം. ഓരോ കോളേജിലേയും പ്രവേശനത്തിന് പ്രത്യേകം അപേക്ഷകൾ സമർപ്പിക്കണം.

ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദ്ദിഷ്ട അനുബന്ധങ്ങളും, 350 രൂപ (എസ്.സി, എസ്.റ്റി 150 രൂപ) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ ലഭ്യമാക്കണം. വിശദവിവരങ്ങൾക്ക് www.i-hr-d.a-c.in.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.